17
2026
ഏപ്രിൽ
വെള്ളി
ലക്കം 4

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 83 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-83 പേജ് 4. വില 2.00 രൂപ

02 നിർമാണം ടെൻഡറോ ക്വട്ടേഷനോ ഇല്ലാതെ; ഇന്ദിര കാൻറീനിൽ ക്രമക്കേട് എന്ന് ആരോപണം

03 റഷ്യൻ എണ്ണ വാങ്ങാനുള്ള ഇളവ് പുതുക്കില്ലെന്ന് യുഎസ്

04 വൈറൽ പെൺകുട്ടിയുടെ വിവാഹം: മധ്യപ്രദേശ് പോലീസ് കൊച്ചിയിൽ

വനിതാ സംവരണ ബില്ലിൽ സഭയിൽ പോര്

ന്യൂഡൽഹി: വനിതാ സംവരണ ബില്ലിനോടനുബന്ധിച്ചുള്ള മണ്ഡല പുനർനിർണയ ചർച്ചകളിൽ കേന്ദ്ര സർക്കാരിനെതിരെ രൂക്ഷവിമർശനവുമായി പ്രിയങ്ക ഗാന്ധി എംപി. എന്നാൽ പ്രതിപക്ഷം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് സീറ്റുകളുടെ കാര്യത്തിൽ ഒരു നഷ്ടവും സംഭവിക്കില്ലെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മറുപടി നൽകി.

സ്വാതന്ത്ര്യത്തിന് പിന്നാലെ സ്ത്രീകൾക്ക് വോട്ടവകാശം ഉറപ്പാക്കിയതും തദ്ദേശ ഭരണസ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തിയതും കോൺഗ്രസാണെന്ന് പ്രിയങ്ക ഓർമിപ്പിച്ചു. അന്ന് ബിജെപി സംവരണത്തെ എതിർക്കുകയായിരുന്നുവെന്നും അവർ ആരോപിച്ചു. ഒബിസി വിഭാഗത്തിന് അർഹമായ സംവരണം നൽകാൻ സർക്കാർ ഭയപ്പെടുകയാണ്. ജാതി സംവരണം ഒഴിവാക്കാനാണ് പഴയ സെൻസസ് കണക്കുകൾ ആധാരമാക്കുന്നത്. ഒബിസി വിഭാഗത്തിൻറെ അവകാശങ്ങൾ കവരാൻ അനുവദിക്കില്ലെന്നും അവർ വ്യക്തമാക്കി.

പ്രധാനമന്ത്രി നരേന്ദ്ര മോദി സ്ത്രീകളുടെ ചാമ്പ്യനാകാൻ ശ്രമിക്കുകയാണെന്നും എന്നാൽ നിലവിലെ 543 സീറ്റുകളിലും ഇപ്പോൾ തന്നെ സംവരണം നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്നും പ്രിയങ്ക ചോദിച്ചു. മണ്ഡല പുനർനിർണയത്തിന് ശേഷം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സീറ്റ് വിഹിതം കുറയുമെന്നത് വസ്തുതാവിരുദ്ധമാണ്. എല്ലാ സംസ്ഥാനങ്ങളിലും സീറ്റുകളുടെ എണ്ണത്തിൽ 50 ശതമാനം വർധനവുണ്ടാകും.

തമിഴ്നാടിൻറെ സീറ്റ് വിഹിതം 7.18 ശതമാനത്തിൽ നിന്ന് 7.23 ശതമാനമായി ഉയരും. കർണാടകയിലെ സീറ്റുകൾ 28ൽ നിന്ന് 42 ആയി വർധിക്കും. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് നഷ്ടമുണ്ടാകില്ലെന്ന് ആഭ്യന്തര മന്ത്രി എന്ന നിലയിൽ ഉറപ്പ് നൽകുന്നുവെന്നും അമിത് ഷാ പറഞ്ഞു. നിലവിലെ മണ്ഡല പുനർനിർണയ ചട്ടങ്ങൾ യുപി. എ സർക്കാരിൻറെ കാലത്ത് പാസാക്കിയതാണെന്നും സർക്കാർ അത് പിന്തുടരുക മാത്രമാണ് ചെയ്യുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വനിതാ സംവരണ ബില്ലിൻറെ ക്രെഡിറ്റ് തനിക്ക് വേണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. എന്നാൽ ബില്ലിനെ എതിർക്കുന്നവരോട് രാജ്യത്തെ സ്ത്രീകൾ ക്ഷമിക്കില്ലെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. സംസ്ഥാനങ്ങൾക്ക് ഇപ്പോൾ ലോക്സഭയിലുള്ള സീറ്റ് അനുപാതം അതേപടി നിലനിർത്തുമെന്നും അദ്ദേഹം ഉറപ്പ് നൽകി.

അതേസമയം, ഭരണഘടനയെ ഹൈജാക്ക് ചെയ്ത് സംസ്ഥാനങ്ങളുടെ അവകാശം ഇല്ലാതാക്കാനാണ് കേന്ദ്രം ശ്രമിക്കുന്നതെന്ന് പ്രതിപക്ഷം തിരിച്ചടിച്ചു. വോട്ടെടുപ്പിന് ശേഷമാണ് ഭരണഘടനാ ഭേദഗതി ബിൽ ചർച്ചയ്ക്കെടുക്കാൻ സഭ അനുമതി നൽകിയത്. വരും ദിവസങ്ങളിൽ ഈ വിഷയത്തിൽ കൂടുതൽ വിശദമായ റിപ്പോർട്ട് സർക്കാർ സഭയിൽ സമർപ്പിക്കും.

വിദ്യാർഥി ജീവനൊടുക്കിയ സംഭവം; എം. കെ. റാമിനെ കോളജിൽ നിന്നും പുറത്താക്കി

കണ്ണൂർ: അഞ്ചരക്കണ്ടി !ഡെൻറൽ കോളജ് വിദ്യാർഥി നിതിൻ രാജ് ജീവനൊടുക്കിയ സംഭവത്തിൽ ആരോപണവിധേയനായ അനാട്ടമി വിഭാഗം പ്രൊഫസർ എം. കെ. റാമിനെ കോളജിൽ നിന്നും പുറത്താക്കി.

റാമിനെ പുറത്താക്കുമെന്ന് മാനേജ്മെൻറ് വിദ്യാർഥികൾക്ക് ഉറപ്പ് നൽകി. റാമിനെതിരെ കൂടുതൽ വിദ്യാർഥികൾ ആരോപണവുമായി രംഗത്തെത്തിയ സാഹചര്യത്തിലാണ് നടപടി.

നിതിൻറെ മരണത്തിൽ റാമിനെതിരെ കേസെടുത്തിട്ടുണ്ട്. ഇതിന് പിന്നാലെ ഒളിവിൽ കഴിയുകയാണ് ഇയാൾ. അധ്യാപകനെതിരെ വിദ്യാർഥികൾ ഇന്ന് പ്രതിഷേധ പ്രകടനം നടത്തിയിരുന്നു. കോളേജിൽ നിന്നും റാമിനെ പുറത്താക്കണമെന്നും നീതി വേണമെന്നും ആവശ്യപ്പെട്ടാണ് വിദ്യാർഥികൾ പ്രതിഷേധം സംഘടിപ്പിച്ചത്. പിന്നാലെയാണ് നടപടി ഉണ്ടായത്.

ഡൽഹി വിമാനത്താവളത്തിൽ വിമാനങ്ങൾ കൂട്ടിയിടിച്ച് അപകടം

ന്യൂഡൽഹി: വിമാനത്താവളത്തിൽ വിമാനങ്ങൾ തമ്മിൽ ഇടിച്ച് അപകടം. ആകാശ വിമാനവും സ്പൈസ് ജെറ്റും തമ്മിലാണ് ഇടിച്ചത്. ആർക്കും പരിക്കില്ല.

വിമാനങ്ങളുടെ ചിറകുകൾ തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു. ഡൽഹിയിൽനിന്നു ഹൈദരാബാദിലേക്കു പുറപ്പെടാൻ പുറപ്പെടാനൊരുങ്ങിയ ആകാശ വിമാനത്തിൽ യാത്രക്കാരുണ്ടായിരുന്നു. അപകടത്തിൻറെ ആഘാതത്തിൽ ചിറകുകൾക്കു കേടുപാടു സംഭവിച്ചു.

അപകടത്തിൻറെ പശ്ചാത്തലത്തിൽ ആകാശാ വിമാനത്തിലെ യാത്രക്കാർക്കു പകരം സംവിധാനമൊരുക്കി.

വൈസ് ചാൻസലർ ഡോ എ ബിജുകുമാർ വിദ്യാർഥികളുമായി സംവദിക്കുന്നു. ഡോ സി പി ഷാജി, ഡോ കെ രഞ്ജീത് എന്നിവർ സമീപം.

കുഫോസിൽ ഫിഷറീസ് സമുദ്ര മേഖലയിൽ ഇന്റേൺഷിപ് ആരംഭിച്ചു

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (കുഫോസ്)യിൽ ബിരുദവും ബിരുദാനന്തര ബിരുദവും ചെയ്യുന്ന വിദ്യാർത്ഥികൾക്കായുള്ള ഇന്റേൺഷിപ് പ്രോഗ്രാം ഇന്ന് ആരംഭിച്ചു.

'അവസര സമുദ്രം കുഫോസിനൊപ്പം' എന്ന ആശയവുമായി നടക്കുന്ന ഇന്റേൺഷിപ് പരിപാടിയിൽ വിവിധ സർവകലാശാലകളിൽ നിന്നായി 38 വിദ്യാർഥികൾ പങ്കെടുക്കുന്നുണ്ട്. മത്സ്യബന്ധനവും സമുദ്ര പഠനവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ പ്രായോഗിക പരിശീലനവും അനുഭവപരിചയവും വിദ്യാർത്ഥികൾക്ക് നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിവിധ ഫാക്കൽറ്റികളുടെ കീഴിൽ പ്രോജക്ട് പ്രവർത്തനങ്ങളിൽ പങ്കെടുത്ത് വിദ്യാർത്ഥികൾക്ക് ഗവേഷണവും സാങ്കേതികവുമായ കഴിവുകൾ വികസിപ്പിക്കാൻ അവസരം ലഭിക്കും.

കുഫോസിന്റെ ഫിഷറീസ് ആൻഡ് ഓഷ്യൻ നോളജ് സെന്ററിന്റെ നേതൃത്വത്തിലാണ് ഇന്റേൺഷിപ് നടക്കുന്നത്. ചട്ടജ 2020 ന്റെ ഭാഗമായി അക്കാദമിക് പഠനവും പ്രായോഗിക പരിചയവും തമ്മിലുള്ള അന്തരം കുറക്കാനാണ് ഇന്റേൺഷിപ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത് എന്ന് കുഫോസ് വൈസ് ചാൻസലർ ഡോ എ ബിജുകുമാർ പറഞ്ഞു. ഡോ സി പി ഷാജി, ഡോ കെ രഞ്ജീത്, ഡോ അൻവർ അലി, ഡോ വി പി ലിംനമോൾ , ഡോ അനു ഗോപിനാഥ്, ഡോ ജയലക്ഷ്മി എന്നിവർ പങ്കെടുത്തു.

ഹയർസെക്കൻഡറി പരീക്ഷാഫലം മേയ് 25ന് പ്രഖ്യാപിക്കും: മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം: ഹയർസെക്കൻഡറി പരീക്ഷാഫലം മേയ് 25 ന് പ്രഖ്യാപിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി. എസ്എസ്എൽസി മൂല്യനിർണയം ആരംഭിച്ചെന്നും ഫലം മേയ് മൂന്നാംവാരമെത്തുമെന്നും മന്ത്രി അറിയിച്ചു. മേയ് രണ്ടിന് മൂല്യനിർണയം അവസാനിക്കും.

നിയമസഭാ തെരഞ്ഞെടുപ്പും മറ്റ് അവധികളും മൂലമാണ് മൂല്യനിർണയം തുടങ്ങാൻ വൈകിയതെന്നും മന്ത്രി വ്യക്തമാക്കി. 4,17,417 വിദ്യാർഥികൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു. ഗൾഫ് മേഖലയിൽ പരീക്ഷ നടത്താൻ അനുകൂല സാഹചര്യമായിരുന്നില്ല. സ്കൂൾ പ്രവേശനത്തിന് പ്രവേശന പരീക്ഷ നടത്താൻ പാടില്ല. സ്കൂൾ അറ്റകുറ്റപണി മേയ് 30ന് മുമ്പ് തീർക്കണം. അടുത്ത അധ്യായന വർഷം പ്രവേശനോത്സവം ജൂൺ ഒന്നിന് നടത്തും. ക്ലാസുകൾ ഒരിക്കലും അംഗീകരിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി.

കേരളത്തിന് 30, തമിഴ്നാടിന് 59; വിശദീകരണവുമായി അമിത്ഷാ

ന്യൂഡൽഹി : മണ്ഡല പുനർനിർണയത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് ആശങ്ക വേണ്ടെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ. പാർലമെൻറിൻറെ പ്രത്യേക സമ്മേളനത്തിൽ ലോക്സഭയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോക്സഭയിലെ സീറ്റെണ്ണം പരമാവധി 850 ആയി ഉയർത്തി വനിതാ സംവരണം നടപ്പാക്കാനുള്ള ഭരണഘടനാ ഭേദഗതി ബിൽ കേന്ദ്രസർക്കാർ വ്യാഴാഴ്ച പാർലമെൻറിൽ അവതരിപ്പിച്ചിരുന്നു.

ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മണ്ഡലങ്ങൾ വർധിപ്പിക്കുന്നത് ജനസംഖ്യാ നിയന്ത്രണം മികച്ചരീതിയിൽ നടപ്പാക്കിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കു വലിയ തിരിച്ചടിയാകുമെന്നാണ് ആശങ്ക. നിലവിലുള്ള സീറ്റുകൾക്ക് ആനുപാതികമായി മാത്രമേ സീറ്റുകൾ വർധിപ്പിക്കൂ എന്ന് അമിത്ഷാ പറഞ്ഞു. അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ആകെ ലോക്സഭാ സീറ്റുകൾ നിലവിലുള്ള 129ൽ നിന്ന് 195 ആയി ഉയരുമെന്നും മൊത്തത്തിലുള്ള പ്രാതിനിധ്യം 23.76 ശതമാനത്തിൽ നിന്ന് 23.87 ശതമാനമായി വർധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇസ്രയേൽ ലെബനൻ വെടിനിർത്തൽ പ്രഖ്യാപിച്ച് പ്രസിഡൻറ് ട്രംപ്

വാഷിംഗ്ടൺ: പശ്ചിമേഷ്യയിലെ യുദ്ധഭീതിക്ക് താത്കാലിക ആശ്വാസം നൽകിക്കൊണ്ട് ഇസ്രയേലും ലെബനനും തമ്മിൽ പത്തു ദിവസത്തെ വെടിനിർത്തലിന് ധാരണയായതായി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചു. ഇരുരാജ്യങ്ങളിലെയും നേതാക്കളുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് ട്രംപിൻറെ നിർണായക ഇടപെടൽ.

34 വർഷത്തിന് ശേഷം ആദ്യമായാണ് ഇസ്രായേലും ലെബനനും വാഷിംഗ്ടണിൽ വെച്ച് നേരിട്ടുള്ള ചർച്ചകളിൽ ഏർപ്പെടുന്നത്. വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോയുടെ നേതൃത്വത്തിലായിരുന്നു ഈ ചർച്ചകൾ നടന്നത്.

പ്രാദേശിക സമയം വൈകുന്നേരം 5 മണി മുതൽ വെടിനിർത്തൽ പ്രാബല്യത്തിൽ വരും. ഈ പത്ത് ദിവസത്തിനുള്ളിൽ മേഖലയിൽ ശാശ്വതമായ സമാധാനം കൊണ്ടുവരാനുള്ള നയതന്ത്ര നീക്കങ്ങൾ നടത്താനാണ് ട്രംപ് ഭരണകൂടത്തിൻറെ ലക്ഷ്യം.

വൈസ് പ്രസിഡൻറ് ജെ. ഡി. വാൻസ്, വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ എന്നിവർ ഉൾപ്പെടുന്ന ഉന്നതതല സംഘത്തിനാണ് സമാധാന ചർച്ചകൾ ഏകോപിപ്പിക്കാനുള്ള ചുമതല നൽകിയിരിക്കുന്നത്.

യുവാവിനെ നടുറോഡിൽ ക്രൂരമായി കൊലപ്പെടുത്തിയ കേസ്: സഹോദരന്മാർ അറസ്റ്റിൽ

തിരുവനന്തപുരം: വിഴിഞ്ഞത്ത് ബാറിൽ വച്ചുണ്ടായ തർക്കത്തെത്തുടർന്ന് രാത്രി 12 മണിക്ക് യുവാവിനെ നടുറോഡിൽ ക്രൂരമായി മർദിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ സഹോദരങ്ങളായ അച്ചു (24), അനന്തു (19) എന്നിവരെ പൊലീസ് അറസ്റ്റ് ചെയ്തു. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തതായി വിഴിഞ്ഞം പൊലീസ് അറിയിച്ചു. ചൊവ്വര സ്വദേശി സുമൻ (38) എന്നയാളെ അടിച്ചും ചവിട്ടിയും കൊലപ്പെടുത്തിയ കേസിലാണ് ഇവരെ അറസ്റ്റ് ചെയ്തത്. വ്യാഴാഴ്ച രാത്രി മുക്കോലയിലെ ബാറിൽ മദ്യപിക്കുന്നതിനിടെ അച്ചുവും മറ്റൊരാളുമായി ഉണ്ടായ തർക്കത്തിൽ സുമൻ ഇടപെട്ടതാണ് കൊലപാതകത്തിൽ കലാശിച്ചത്. വിഴിഞ്ഞത്ത് ബാറിലുണ്ടായ വാക്കേറ്റത്തിന് പിന്നാലെ മർദനമേറ്റ് മരിച്ച സുമൻറെ പോസ്റ്റുമോർട്ടം റിപ്പോർട്ട് പുറത്ത്. സുമന് ആന്തരികമായി ഗുരുതര പരിക്കേറ്റെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിലുള്ളത്.

വാരിയെല്ല് ഒടിഞ്ഞ് അവയവങ്ങളിൽ തറച്ചു കയറുകയും നെഞ്ചിൽ രക്തസ്രാവമുണ്ടാകുകയും ചെയ്തു. നെഞ്ചിലേറ്റ മർദനവും രക്തസ്രാവവുമാണ് മരണത്തിന് കാരണമായി പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നത്.

തിരുവല്ലം വണ്ടിത്തടം പാലപുരയിൽ വാടകയ്ക്ക് താമസിക്കുന്ന സുമൻ (38) എന്നയാളാണു മരിച്ചത്. സംഭവത്തിൽ സഹോദരങ്ങളടക്കം നാലുപേർ പിടിയിലായി. അച്ചു, അനന്തു, സൂര്യജിത്ത്, ലാലുകൃഷ്ണൻ എന്നിവരാണ് പിടിയിലായത്.

ബുധനാഴ്ച രാത്രി പന്ത്രണ്ടോടെയാണ് കൊലപാതകം നടന്നത്. സംഭവത്തിൻറെ ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. വിഷു ആഘോഷത്തിനു ശേഷം രാത്രി പതിനൊന്നോടെ അച്ചുവും സഹോദരങ്ങളും സുഹൃത്തുക്കളും ബാറിൽ മദ്യപിക്കവേ മറ്റൊരാളുമായി തർക്കമുണ്ടാകുകയും ഇത് പരിഹരിക്കാൻ സുമൻ ഇടപെടുകയും ചെയ്തു.

തുടർന്ന് സുമനെ പ്രതികൾ ബാറിലിട്ട് മർദിച്ചു. രക്ഷപ്പെടാൻ ഇറങ്ങി ഓടിയ സുമനെ റോഡിലിട്ട് ക്രൂരമായി മർദിക്കുകയും അവശനിലയിൽ റോഡിൽ ഉപേക്ഷിച്ച് കടന്നുകളയുകയുമായിരുന്നു. തലയ്ക്ക് ഗുരുതര പരുക്കേറ്റ് അബോധാവസ്ഥയിലായ സുമനെ വിഴിഞ്ഞം പോലീസെത്തി ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

പൊതുപ്രവർത്തകർ ആസ്തി വിവരങ്ങൾ നൽകണം

തിരുവനന്തപുരം: കേരളാ ലോകായുക്ത ആക്ട് പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ ഒഴികെയുള്ള പൊതുപ്രവർത്തകർ തങ്ങളുടെയും ആശ്രിതരായ കുടുംബാംഗങ്ങളുടെയും ആസ്തിബാധ്യത വിവരങ്ങളുടെ സ്റ്റേറ്റ്മെൻറ് നിശ്ചിത ഫോറത്തിൽ സമർപ്പിക്കണം.

സർക്കാർ രൂപീകരിച്ച സ്റ്റാറ്റ്യൂട്ടറിയോ അല്ലാത്തതോ ആയ ബോർഡ്, കമ്മിറ്റി, അഥോറിറ്റി, കോർപറേഷൻ എന്നിവയിലെ അംഗങ്ങൾ, തൊഴിലാളി യൂണിയൻ ഭാരവാഹികൾ, രാഷ്ട്രീയ പാർട്ടികളുടെ ജില്ലാതല ഭാരവാഹികൾ, സർക്കാർ സഹായം ലഭിക്കുന്ന സ്കൂളുകളും കോളജുകളും ഉൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജ്മെൻറ് ഭാരവാഹികൾ തുടങ്ങിയവർ 2026 ജൂലൈ 3 ന് മുൻപും, സ്റ്റാറ്റ്യൂട്ടറി ബോഡികൾ, സഹകരണ സംഘങ്ങൾ, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവർ 2027 ജൂലൈ 31ന് മുൻപായും വിവരങ്ങൾ നൽകണം.

കുതിപ്പു തുടർന്ന് സ്വർണവില; പവൻ വില വീണ്ടും 1.14 ലക്ഷം പിന്നിട്ടു

കൊച്ചി: സംസ്ഥാനത്ത് സ്വർണവിലയിൽ വീണ്ടും വർധന. ഗ്രാമിന് 20 രൂപയും പവന് 160 രൂപയുമാണ് വർധിച്ചത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 14,260 രൂപയിലും പവന് 1,14,080 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്.

യുഎസ് – ഇറാൻ സമാധാന ശ്രമങ്ങൾ പുനരാരംഭിച്ചെന്ന വാർത്തകൾക്ക് പിന്നാലെ സ്വർണവില തിരിച്ചുകയറുകയാണ്. ഒരാഴ്ചത്തെ ചാഞ്ചാട്ടത്തിനു ശേഷം തിങ്കളാഴ്ച സ്വർണവില താഴേക്കു പോയിരുന്നു. ഗ്രാമിന് 35 രൂപയും പവന് 280 രൂപയുമാണ് കുറഞ്ഞത്. പിന്നാലെ ചൊവ്വാഴ്ച ഗ്രാമിന് 135 രൂപയും പവന് 1,080 രൂപയും വർധിച്ചിരുന്നു. വിഷുദിനമായ ബുധനാഴ്ച ഗ്രാമിന് 130 രൂപയും പവന് 1,040 രൂപയും വർധിക്കുകയാണുണ്ടായത്.

വൻ ചാഞ്ചാട്ടം ദൃശ്യമായ മാർച്ച് മാസം അവസാനം നാലു ദിവസത്തിനിടെ ഗ്രാമിന് 435 രൂപയും പവന് 3,480 രൂപയും വർധിച്ചിരുന്നു. മാർച്ച് 23ന് നാലുതവണ മാറിമറിഞ്ഞ സ്വർണവില ഒരു ലക്ഷത്തിന് താഴേക്ക് പോയിരുന്നെങ്കിലും വൈകിട്ടോടെ വീണ്ടും ഒരു ലക്ഷത്തിന് മുകളിലെത്തിയിരുന്നു.

ജനുവരി 29ന് പവൻവില സർവകാല ഉയരം തൊട്ടിരുന്നു. അന്ന് ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയിലുമെത്തുകയായിരുന്നു. എന്നാൽ പിന്നീട് ഇതുവരെ പവന് 28,480 രൂപയും ഗ്രാമിന് 3,560 രൂപയുമാണ് കുറഞ്ഞത്.

പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണവില ജനുവരി അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് വൻ കുതിപ്പുമായി മുന്നോട്ടുപോയത്. 2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്.

ഡിസംബർ 23നായിരുന്നു സ്വർണവില പവന് ചരിത്രത്തിലാദ്യമായി ഒരുലക്ഷം രൂപ കടന്നത്. പിന്നീട് കുതിപ്പ് തുടർന്ന സ്വർണം റിക്കാർഡ് തിരുത്തിക്കൊണ്ടിരുന്നു. ഡിസംബർ 27ന് പവന് 1,04,440 രൂപ എന്ന ആ വർഷത്തെ റിക്കാർഡ് വിലയിലെത്തി. പിന്നീട് രാജ്യാന്തര തലത്തിലുണ്ടായ കനത്ത ലാഭമെടുപ്പ് സമ്മർദത്തെ തുടർന്ന് ഡിസംബർ 31ന് 98,920 രൂപയിലേക്ക് ഇടിഞ്ഞിരുന്നു. എന്നാൽ, പുതുവർഷപ്പിറവി ദിനം മുതൽ വില കൂടുന്നതാണ് കണ്ടത്. ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്.

അതേസമയം, വെള്ളിയുടെ വിലയിൽ മാറ്റമില്ല. ഒരു ഗ്രാം വെള്ളിക്ക് 270 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

100 വർഷത്തെ സ്വർണക്കുതിപ്പ്

കഴിഞ്ഞ 100 വർഷത്തിനിടയിൽ സ്വർണ വില പവന് 13.75 രൂപയിൽ നിന്ന് 1,13,520 രൂപയിലേക്കാണ് എത്തിനിൽക്കുന്നത്. 1925 മാർച്ച് 31ന് ഒരു പവൻ സ്വർണത്തിന് 13.75 രൂപയായിരുന്നു വിപണി വില. 1930 മാർച്ച് 31 ആയപ്പോഴേക്കും പവന് 13.57 രൂപയായി അത് കുറഞ്ഞു.

1935 മാർച്ച് 31 ന് സ്വർണ വിലയിൽ വർധന രേഖപ്പെടുത്തി. ഇക്കാലയളവിൽ ഒരു പവൻ സ്വർണത്തിൻറെ വില 22.65 രൂപയായി ഉയർന്നു. പിന്നീടങ്ങോട്ട് സ്വർണ വിലയിൽ വർധനയാണ് ഉണ്ടായത്.

ഡോ. ബീന പിള്ള രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി ഡയറക്ടർ

തിരുവനന്തപുരം: പ്രശസ്ത ശാസ്ത്രജ്ഞയായ ഡോ. ബീന പിള്ള രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി (ബ്രിക്-ആർജിസിബി) ഡയറക്ടറായി ചുമതലയേറ്റു. ന്യൂഡൽഹിയിലെ സിഎസ്ഐആർ-ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇൻറഗ്രേറ്റീവ് ബയോളജിയിലെ ചീഫ് സയൻറിസ്റ്റാണ്.

കേന്ദ്ര മന്തിസഭയുടെ അപ്പോയിൻറ്മെൻറ് കമ്മിറ്റി അംഗീകരിച്ച ഈ നിയമനത്തിൻറെ കാലാവധി അഞ്ചു വർഷമാണ്. കഴിഞ്ഞ സെപ്റ്റംബറിൽ അഞ്ചു വർഷത്തെ സേവനത്തിനു ശേഷം ഡയറക്ടർ പദവിയൊഴിഞ്ഞ പ്രൊഫ. ചന്ദ്രഭാസ് നാരായണയുടെ പിൻഗാമിയായാണ് ഡോ. ബീന നിയമിതയാകുന്നത്.

ആർഎൻഎ ബയോളജി, ന്യൂറോണൽ വികസനവും അവയുടെ പ്രവർത്തനങ്ങളും തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ പ്രഗത്ഭയാണ് ബീന പിള്ള. സിഎസ്ഐആർ-ഐജിഐബിയിലെ അവരുടെ ലാബിൽ ന്യൂറോജെനിസിസ്, രോഗ സാധ്യതകൾ, മുതിർന്നവരുടെ പെരുമാറ്റം, രോഗങ്ങൾ എന്നിവയിൽ ആർഎൻഎയുടെ പങ്ക് സംബന്ധിച്ച പഠനങ്ങൾ നടക്കുന്നു.

എറണാകുളം ജില്ലയിലെ കാലടി സ്വദേശിയായ ബീന മുംബൈയിലെ റാംനരൈൻ റൂയിയ കോളേജിൽ നിന്ന് ബിരുദവും ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്ന് ഇൻറഗ്രേറ്റഡ് എംഎസ്-പിഎച്ച്ഡിയും കരസ്ഥമാക്കി. തുടർന്ന് സിഎസ്ഐആർ-ഐജിഐബിയിൽ യുവശാസ്ത്രജ്ഞയായി സേവനമാരംഭിച്ചു.

നാഷണൽ ബയോസയൻസ് അവാർഡ്, ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി-യങ് സയൻറിസ്റ്റ് അവാർഡ്, സിഎസ്ഐആർ യങ് സയൻറിസ്റ്റ് അവാർഡ് (ബയോളജിക്കൽ സയൻസസ്) എന്നിവയുൾപ്പെടെ നിരവധി പ്രശസ്ത പുരസ്കാരങ്ങൾ ഡോ. ബീന നേടിയിട്ടുണ്ട്.

കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിൻറെ ബയോടെക്നോളജി റിസർച്ച് ആൻഡ് ഇന്നൊവേഷൻ കൗൺസിലിന് കീഴിലുള്ള ദേശീയ സ്ഥാപനമാണ് ബ്രിക്-ആർജിസിബി. രോഗ ജൈവ ശാസ്ത്രം, സാങ്കേതിക വികസനം, ട്രാൻസ്ലേഷണൽ സയൻസ്, പരിശീലനം എന്നിവയാണ് പ്രധാന പ്രവർത്തന മേഖലകൾ.

ജീനോമിക്സ്, മോളിക്യുലാർ മെഡിസിൻ, ബയോ ഇൻഫോർമാറ്റിക്സ് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സിഎസ്ഐആർ-ഐജിഐബിയിൽ നിന്നുള്ള ഡോ. ബീന പിള്ള ബ്രിക്-ആർജിസിബിയിൽ പുതിയ പദ്ധതികൾക്ക് നേതൃത്വം നൽകുമെന്നാണ് പ്രതീക്ഷ. സിജിഎംപി സൗകര്യം, ബയോ-മാനുഫാക്ചറിംഗ് ഹബ്, ഓങ്കോളജി റഫറൽ ആശുപത്രി എന്നിവയുൾപ്പെടെ പുതിയ സംരംഭങ്ങൾ ഇതിലുൾപ്പെടുന്നു.

പുതിയ ഡയറക്ടർക്ക് ആർജിസിബിയിലെ ശാസ്ത്രജ്ഞർ ഹൃദ്യമായ വരവേൽപ്പ് നൽകി.

ഓട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സിലേക്ക് അപേക്ഷിക്കാം

ജൂൺ 22 ന് ആരംഭിക്കുന്ന അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഓട്ടോമോട്ടീവ് മെക്കട്രോണിക്സ് കോഴ്സിന്റെ 18-ാമത് ബാച്ചിലേക്കുള്ള പ്രവേശനത്തിന് ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു. ഒരു വർഷമാണ് കോഴ്സ് കാലാവധി. എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ (മെക്കാനിക്കൽ/ ഓട്ടോമൊബൈൽ/ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് അല്ലെങ്കിൽ തത്തുല്യം) ആണ് യോഗ്യത. പ്രവേശന സമയത്ത് ബി.ടെക്/ ഡിപ്ലോമ കോഴ്സ് പൂർത്തിയാകുമെങ്കിൽ അവസാന സെമസ്റ്റർ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. അവസാന തീയതി ഏപ്രിൽ 30. വിശദമായ പ്രോസ്പെക്ടസിനും ഓൺലൈൻ അപേക്ഷയ്ക്കും https://www.gecbh.ac.in സന്ദർശിക്കുക. ഫോൺ: 9895955657, 9496253060.

പൊതുപ്രവർത്തകർ ആസ്തി വിവരങ്ങൾ നൽകണം

കേരളാ ലോകായുക്ത ആക്ട് പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ ഒഴികെയുള്ള പൊതുപ്രവർത്തകർ തങ്ങളുടേയും ആശ്രിതരായ കുടുംബാംഗങ്ങളുടേയും ആസ്തി-ബാധ്യത വിവരങ്ങളുടെ സ്റ്റേറ്റ്മെന്റ് നിശ്ചിത ഫോറത്തിൽ സമർപ്പിക്കണം.സർക്കാർ രൂപീകരിച്ച സ്റ്റാറ്റിയൂട്ടറിയോ അല്ലാത്തതോ ആയ ബോർഡ്, കമ്മിറ്റി, അതോറിറ്റി, കോർപ്പറേഷൻ എന്നിവയിലെ അംഗങ്ങൾ, തൊഴിലാളി യൂണിയൻ ഭാരവാഹികൾ, രാഷ്ട്രീയ പാർട്ടികളുടെ ജില്ലാതല ഭാരവാഹികൾ, സർക്കാർ സഹായം ലഭിക്കുന്ന സ്കൂളുകളും കോളേജുകളും ഉൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് ഭാരവാഹികൾ തുടങ്ങിയവർ 2026 ജൂലൈ 31 ന് മുൻപും, സ്റ്റാറ്റിയൂട്ടറി ബോഡികൾ, സഹകരണ സംഘങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, ബോർഡുകൾ എന്നിവയിലെ ചെയർമാൻ, വൈസ് ചെയർമാൻ എന്നിവർ 2027 ജൂലൈ 31ന് മുൻപായും വിവരങ്ങൾ നൽകണം.www.lokayuktakerala.gov.in ൽ ലഭിക്കുന്ന ഫോറം എ, ബി, സി പ്രകാരം രജിസ്ട്രാർ & കോംപീറ്റന്റ് അതോറിറ്റി, കേരള ലോകായുക്ത തിരുവനന്തപുരം –695033 എന്ന വിലാസത്തിൽ വിവരങ്ങൾ സമർപ്പിക്കണം. നിശ്ചിത സമയത്തിനുള്ളിൽ ആസ്തി വിവരങ്ങൾ സമർപ്പിക്കാത്തവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് ലോകയുക്ത രജിസ്ട്രാർ അറിയിച്ചു.

ചെന്നൈയ്ക്ക് കനത്ത തിരിച്ചടി; ഖലീൽ അഹമ്മദ് പുറത്ത്

ചെന്നൈ: തുടയിലേറ്റ പരിക്കിനെ തുടർന്ന് ചെന്നൈ സൂപ്പർ കിംഗ്സ് പേസർ ഖലീൽ അഹമ്മദ് ഐപിഎലിൽ ശേഷിക്കുന്ന മത്സരങ്ങൾ കളിക്കില്ല. പരിക്ക് ഗുരുതരമാണെന്നും അതിനാൽ താരത്തിന് വിശ്രമം അനുവദിക്കുകയാണെന്നും ടീം മാനേജുമെൻറ് വ്യക്തമാക്കി. കഴിഞ്ഞ 14ന് കോൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ നടന്ന മത്സരത്തിനിടെയാണ് താരത്തിന് പരിക്കേറ്റത്. കോൽക്കത്ത ഇന്നിംഗ്സിലെ 17-ാം ഓവർ എറിയുന്നതിനിടെയാണ് സംഭവം. ഓവറിലെ അവസാന പന്ത് എറിയാനെത്തിയ താരം വേദനയെത്തുടർന്ന് പാതിവഴിയിൽ നിന്നുപോവുകയായിരുന്നു. തുടർന്ന് മെഡിക്കൽ സംഘത്തിൻറെ സഹായം തേടിയ ഖലീൽ ഓവർ പൂർത്തിയാക്കാതെ മൈതാനം വിട്ടിരുന്നു. പരിക്കിൻറെ ഗൗരവം കണക്കിലെടുത്ത് ഖലീൽ അഹമ്മദിന് 10 മുതൽ 12 ആഴ്ച വരെ വിശ്രമവുമാണ് ഡോക്ടർമാർ നിർദ്ദേശിച്ചിരിക്കുന്നത്.

സാഹസിക ടൂറിസം പരിശീലനത്തിന് അപേക്ഷിക്കാം

സംസ്ഥാന ടൂറിസം വകുപ്പിന് കീഴിൽ കേരള അഡ്വെഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും സംയുക്തമായി തിരുവനന്തപുരത്ത് നടത്തുന്ന അഡ്വെഞ്ചർ ആക്ടിവിറ്റി അസ്സിസ്റ്റന്റ് കോഴ്സിൽ പങ്കെടുക്കുന്നതിന് ഏപ്രിൽ 18 വരെ അപേക്ഷിക്കാം. എട്ടാം ക്ലാസ് പാസ്സായ 2026 ഏപ്രിൽ മാസം 1 നു 18 വയസ് തികഞ്ഞവരും 45 വയസ് കഴിഞ്ഞിട്ടില്ലാത്തവരും നല്ല ശാരീരിക ക്ഷമതയുള്ളവരുമായിരിക്കണം അപേക്ഷകർ. ഏപ്രിൽ 23ന് ബാച്ച് ആരംഭിക്കും. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്, റെസിഡൻസി, തൈക്കാട്, തിരുവനന്തപുരം – 695014 എന്ന വിലാസത്തിൽ നൽകണം. ഇ-മെയിൽ: kittstraining@gmail.com, ഫോൺ: 8129816664.

ഇൻസ്റ്റഗ്രാം വഴി സൗഹൃദം, പ്രണയം നടിച്ച് 15കാരിയെ പീഡിപ്പിച്ചു, യുവാവ് അറസ്റ്റിൽ

കൊല്ലം: ഇൻസ്റ്റഗ്രാം വഴി പ്രണയം നടിച്ച് 15 വയസുകാരിയെ പീഡിപ്പിച്ച കേസിൽ 21 കാരൻ അറസ്റ്റിൽ. നെട്ടയത്ത് കോണത്ത് സ്വദേശി അർജുൻ കൃഷ്ണനാണ് പോലീസ് പിടിയിലായത്.

പീഡനത്തിന് ശേഷം പെൺകുട്ടിയുടെ സ്വകാര്യങ്ങൾ ചിത്രങ്ങൾ പ്രതി പ്രചരിപ്പിക്കുകയായിരുന്നു.

2024 ൽ ഇൻസ്റ്റഗ്രാം വഴി പെൺകുട്ടിയുമായി അടുപ്പത്തിലായ യുവാവ് പെൺകുട്ടിയെ അഞ്ചൽ തടിക്കാടുള്ള സുഹൃത്തിൻറെ വീട്ടിൽ കൊണ്ടുപോയാണ് പീഡിപ്പിച്ചത്. അതിനുശേഷം പെൺകുട്ടിയുടെ സ്വകാര്യ ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ പകർത്തി.

പിന്നീട് ഇരുവരും തെറ്റിപ്പിരിഞ്ഞതോടെ ഇതിൻറെ വൈരാഗ്യത്തിൽ യുവാവ് പെൺകുട്ടിയുടെ സുഹൃത്തിൻറെ മൊബൈൽ ഫോണിലേക്ക് സ്വകാര്യ ചിത്രങ്ങൾ അയച്ചു നൽകി. സുഹൃത്ത് വഴി ഇക്കാര്യം പെൺകുട്ടി അറിഞ്ഞു.

പെൺകുട്ടിയുടെ മാതാപിതാക്കളുടെ പരാതിയിൽ ഏരൂർ പോലീസ് ആണ് കേസെടുത്തത്. പോലീസ് പെൺകുട്ടിയുടെ മൊഴി രേഖപ്പെടുത്തി. യുവാവിനെതിരെ പോക്സോ അടക്കമുള്ള വകുപ്പുകൾ ചുമത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസം നേട്ടയത്തുകോണത്ത് നിന്ന് കസ്റ്റഡിയിലെടുത്ത പ്രതിയെ അറസ്റ്റ് രേഖപ്പെടുത്തി. റിമാൻഡ് ചെയ്തു.

നിർമാണം ടെൻഡറോ ക്വട്ടേഷനോ ഇല്ലാതെ; ഇന്ദിര കാൻറീനിൽ ക്രമക്കേട് എന്ന് ആരോപണം

കൊച്ചി: കൊച്ചി കോർപ്പറേഷൻറെ വിശപ്പുരഹിത പദ്ധതിയായ ഇന്ദിര കാൻറീനിൻറെ പ്രവർത്തനങ്ങളിൽ ക്രമക്കേട് ആരോപിച്ച് എൽഡിഎഫ് കൗൺസിലർമാർ. ടെൻഡറോ ക്വട്ടേഷനോ ഇല്ലാതെയാണ് ഇന്ദിര കാൻറീനിൻറെ നിർമാണം എന്ന് ചൂണ്ടിക്കാട്ടി എൽഡിഎഫ് കൗൺസിലർമാർ നഗരസഭാ സെക്രട്ടറിക്ക് പരാതി നൽകി.

ഇന്ദിര കാൻറീനിനായി നടത്തിയ നിർമാണ പ്രവർത്തനങ്ങളിലും പദ്ധതിക്കായി സ്വകാര്യ സ്ഥാപനത്തിൻറെ സിഎസ്ആർ ഫണ്ട് കൈകാര്യം ചെയ്ത രീതിയിലും എൽഡിഎഫ് കൗൺസിലർമാർ ക്രമക്കേട് ആരോപിച്ചു. ഇന്ദിര കാൻറീനിൽ നിന്നുള്ള വരുമാനം എങ്ങോട്ടാണ് പോകുന്നതെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ലെന്നും കൗൺസിലർമാർ ആരോപിച്ചു.

കൊച്ചി കോർപ്പറേഷനിൽ യുഡിഎഫ് ഭരണത്തിൽ വന്നതോടെ പ്രഖ്യാപിച്ച 50 ഇന കർമപരിപാടികളിൽ ആദ്യം പൂർത്തിയാക്കിയ പദ്ധതിയാണ് ഇന്ദിര കാൻറീൻ. നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുമ്പ് തന്നെ കാൻറീൻ പ്രവർത്തനം ആരംഭിച്ചു. യുഡിഎഫിൻറെ പ്രകടന പത്രികയിൽ സംസ്ഥാനത്ത് കൂടുതൽ ഇന്ദിര കാൻറീനുകൾ തുറക്കുമെന്നും ഉൾപ്പെടുത്തിയിരുന്നു.

വി. ഡി. സതീശൻ, ഹൈബി ഈഡൻ എംപി, രമേശ് ചെന്നിത്തല തുടങ്ങിയ നേതാക്കൾ ഇവിടെയെത്തി ഭക്ഷണം കഴിക്കുകയും പുകഴ്ത്തുകയും ചെയ്തിരുന്നു. എന്നാൽ എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന സമൃദ്ധി കിച്ചനെ തകർക്കാനായാണ് ഇന്ദിര കാൻറീൻ കൊണ്ടുവന്നത് എന്നാണ് ഇടതുപക്ഷത്തിൻറെ വിമർശനം. നിലവിൽ സമൃദ്ധിയിൽ നിന്നുള്ള ഭക്ഷണമാണ് ഇന്ദിര കാൻറീനിൽ വിളമ്പുന്നത്. 50 രൂപയ്ക്ക് ഒരു ദിവസത്തെ ഭക്ഷണം എന്ന ആശയത്തോടെ ആരംഭിച്ച ഇന്ദിര കാൻറീനിൽ 10 രൂപയ്ക്ക് പ്രഭാത ഭക്ഷണവും അത്താഴവും ലഭിക്കും. അതിനാൽ ഇന്ദിര കാൻറീൻ വളരെ പെട്ടെന്ന് തന്നെ ക്ലിക്ക് ആയിരുന്നു.

മകളുടെ വിവാഹം ക്ഷണിക്കാൻ പോകവേ അപകടം: ഭർത്താവിനു പിന്നാലെ വീട്ടമ്മയും മരിച്ചു

കായംകുളം: മകളുടെ വിവാഹം ക്ഷണിക്കാൻ പോകുന്നതിനിടയിലുണ്ടായ വാഹനാപകടത്തിൽ ഭർത്താവിനു പിന്നാലെ ഗുരുതര പരിക്കേറ്റ് ചികിത്സയിലായിരുന്ന വീട്ടമ്മയും മരിച്ചു. വെട്ടിയാർ പള്ളിമുക്ക് തുളസിദളത്തിൽ പരേതനായ ശശി കെ. നായരുടെ ഭാര്യ തുളസി കെ. നായർ (54) ആണ് മരിച്ചത്. മാർച്ച് 26ന് കൊല്ലം- തേനി ദേശീയ പാതയിൽ വെട്ടിയാർ പള്ളിമുക്കിന് സമീപമായിരുന്നു അപകടം നടന്നത്.

കോൺഗ്രസ് വെട്ടിയാർ മണ്ഡലം സെക്രട്ടറിയായിരുന്നു ശശി കെ. നായർ. യുഡിഎഫ് സ്ഥാനാർഥിക്ക് വേണ്ടി തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഭവനസന്ദർശനം കഴിഞ്ഞ് മകളുടെ വിവാഹം ക്ഷണിക്കാൻ തുളസിക്കൊപ്പം സ്കൂട്ടറിൽ പോകുമ്പോഴായിരുന്നു അപകടം.

അമിത വേഗത്തിലെത്തിയ കാർ സ്കൂട്ടറിൽ ഇടിക്കുകയായിരുന്നു. ശശി കെ. നായർ സംഭവസ്ഥലത്തു തന്നെ മരിച്ചു. ഗുരുതര പരിക്കേറ്റ തുളസിയെ പരുമലയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. ബുധനാഴ്ച വൈകുന്നേരമാണ് മരണം സംഭവിച്ചത്. സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് വീട്ടുവളപ്പിൽ നടക്കും. മക്കൾ: അഭിഷേക് എസ്. നായർ, അഭിരാമി എസ്, നായർ. മരുമകൾ: അനില

ആംബുലൻസിന് വഴിമാറിക്കൊടുത്തില്ല കാറിന് പിഴയിട്ട് എംവിഡി

കുണ്ടറ: ആംബുലൻസിൻറെ വഴിമുടക്കിയ കാറിന് പിഴ ഈടാക്കി എംവിഡി. കണ്ണനല്ലൂർ റൂട്ടിൽ കഴിഞ്ഞദിവസമായിരുന്നു പരാതിക്കിടയാക്കിയ സംഭവം. പുനലൂർ താലൂക്ക് ആശുപത്രിയിൽ നിന്ന് ഹൃദ്രോഗിയുമായി കൊല്ലത്തെ എൻഎസ് ആശുപത്രിയിലേക്കു പോകുകയായിരുന്നു ആംബുലൻസ്.

യാത്രക്കിടയിൽ കുണ്ടറ ആശുപത്രി മുക്കിനും കണ്ണനല്ലൂരിനും ഇടയ്ക്ക് ഒരു കിലോമീറ്റർ ദൂരം കാർ വഴി മാറിക്കൊടുത്തില്ല. ഇതേക്കുറിച്ച് രോഗിയുമായി പോയവരാണ് പരാതി നൽകിയത്.

സിസിടിവി കാമറ ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ എൻഫോഴ്സ്മെൻറ് ആർടിഒ എ.കെ. ദിലുവിൻറെ നേതൃത്വത്തിൽ വാഹനത്തിൻറെ ഉടമയെ കണ്ടെത്തുകയും പിഴ ഈടാക്കുകയും ചെയ്തു.

വഴിമാറാതെ ഗതാഗതം തടഞ്ഞ വാഹനത്തിൻറെ ഡ്രൈവറുടെ ലൈസൻസ് ആറ് മാസത്തേക്ക് സസ്പെൻഡ് ചെയ്യുകയും 5000 രൂപ പിഴ ഈടാക്കുകയും ചെയ്തു. കൂടാതെ മോട്ടോർ വാഹന വകുപ്പിൻറെ ഐഡിടിആറിൻറെ അഞ്ചു ദിവസത്തെ ട്രെയിനിംഗിൽ പങ്കെടുക്കുകയും വേണം.

കൊല്ലം മൈലക്കാട് സ്വദേശി ഫിർദോസിൻറെ ഉടമസ്ഥതയിലുള്ള വാഹനമാണ് ആംബുലൻസിൻറെ വഴിമുടക്കിയത്. എന്നാൽ സംഭവ സമയത്തു താനല്ല ഡ്രൈവറമാണ് വാഹനമോടിച്ചതെന്ന് ഫിർദോസ് പറഞ്ഞു.

ക്രെയിനിന് പിന്നിൽ സ്കൂൾ ബസ് ഇടിച്ചു; ഡ്രൈവർക്ക് ദാരുണാന്ത്യം

തിരുവനന്തപുരം: നിർത്തിയിട്ടിരുന്ന ക്രെയിനിന് പിന്നിൽ സ്കൂൾ ബസ് ഇടിച്ച് ഡ്രൈവർക്ക് ദാരുണാന്ത്യം. വ്യാഴാഴ്ച രാവിലെ കല്ലമ്പലം നാവായികുളത്തുണ്ടായ അപകടത്തിൽ കല്ലമ്പലം സ്വദേശി ഷാജിയാണ് മരിച്ചത്. അപകടത്തിൽ ബസിലുണ്ടായിരുന്ന അഞ്ച് പേർക്ക് പരിക്കേറ്റു. കല്ലമ്പലം ഭാഗത്തേക്ക് അധ്യാപകരുമായി പോവുകയായിരുന്ന അയിരൂർ എംജിഎം സ്കൂളിലെ ബസാണ് അപകടത്തിൽപ്പെട്ടത്. അപകടം നടന്ന ഉടൻ തന്നെ എല്ലാവരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഷാജിയുടെ ജീവൻ രക്ഷിക്കാനായില്ല. പരിക്കേറ്റവർ പാരിപ്പള്ളി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സതേടി.

അനുമതിയില്ലാതെ റോഡ് ഷോ നടത്തി; വിജയ്ക്കെതിരെ കേസെടുത്തു

ചെന്നൈ: മുൻകൂർ അനുമതിയില്ലാതെ റോഡ് ഷോ നടത്തിയെന്ന പരാതിയിൽ തമിഴക വെട്രി കഴകം അധ്യക്ഷൻ വിജയ്ക്കെതിരെ പോലീസ് കേസെടുത്തു. ചെന്നൈ ടി നഗറിൽ റോഡ് ഷോ നടത്തിയ സംഭവത്തിലാണ് വിജയ്ക്കെതിരെ ചെന്നൈ മാമ്പലം പോലീസ് കേസെടുത്തത്. വിജയ്യെ കൂടാതെ പാർട്ടിയുടെ ജനറൽ സെക്രട്ടറിയും ടി നഗർ സ്ഥാനാർഥിയുമായ എൻ. ആനന്ദ്, ദക്ഷിണ ചെന്നൈ ജില്ലാ സെക്രട്ടറി അപ്പുനു എന്നിവർക്കെതിരെയും എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തെരഞ്ഞെടുപ്പ് കമ്മീഷൻറെ ഫ്ലൈയിംഗ് സ്ക്വാഡ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

നിശ്ചിത വേദിയിൽ പരിപാടി നടത്താൻ മാത്രമാണ് അധികൃതർ അനുമതി നൽകിയിരുന്നത്. എന്നാൽ ഇത് ലംഘിച്ചുകൊണ്ട് ടി നഗർ, തൗസൻഡ് ലൈറ്റ്സ്, എഗ്മൂർ തുടങ്ങിയ തിരക്കേറിയ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് വിജയ് റോഡ് ഷോ സംഘടിപ്പിക്കുകയായിരുന്നു.

പീഡനക്കേസ്; ഐടി വ്യവസായി വേണു ഗോപാലകൃഷ്ണന് മുൻകൂർ ജാമ്യം

ന്യൂഡൽഹി: പീഡനക്കേസിൽ ഐടി വ്യവസായി വേണു ഗോപാലകൃഷ്ണന് മുൻകൂർ ജാമ്യം. കർശന ഉപാധികളോടെ സുപ്രീംകോടതിയാണ് ജാമ്യം അനുവദിച്ചത്.

കേസിലെ അതിജീവിതയെ സ്വാധീനിക്കാൻ പാടില്ല. അന്വേഷണ ഉദ്യോഗസ്ഥർ ആവിശ്യപ്പെട്ടാൽ ഹാജരാകണം എന്നിങ്ങനെയാണ് ഉപാധികൾ. ജസ്റ്റീസ് ബി. വി. നാഗരത്ന അധ്യക്ഷയായ ബെഞ്ചാണ് കേസ് പരിഗണിച്ചത്. നേരത്തെ ഹർജിയിൽ വിശദമായ വാദം കേട്ട കോടതി വിധി പറയാനായി മാറ്റിവയ്ക്കുകയായിരുന്നു.

തൊഴിലിടത്തിൽ വച്ച് ലൈംഗീകമായി ചൂഷണം ചെയ്തുവെന്ന് ചൂണ്ടിക്കാട്ടിയാണ് യുവതി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയത്. തൊഴിൽ സുരക്ഷ ഭയന്നാണ് നേരത്തെ പരാതി പറയാതിരുന്നതെന്നും സൈബർ തെളിവുകളടക്കം തൻറെ കൈവശമുണ്ടെന്നും യുവതി വ്യക്തമാക്കിയിരുന്നു. ഹണിട്രാപ്പിലൂടെ 30 കോടി രൂപ തട്ടാൻ ശ്രമിച്ചെന്ന പരാതിയാണ് കേസിൽ ആദ്യം പുറത്തു വന്നത്. പിന്നീടാണ് കേസിൽ വഴിത്തിരിവുണ്ടാകുന്നത്.

പെൺകുട്ടിക്കു നേരെ അതിക്രമം: രണ്ടാം പ്രതി പിടിയിൽ

നെടുമങ്ങാട്: നെടുമങ്ങാട് കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ ബസ് കാത്തു നിന്ന പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി അതിക്രമിക്കുകയും കൂടെയുണ്ടായിരുന്ന ബന്ധുവിനെ ബസ് സ്റ്റാൻഡിലെ ബാത്റൂമിൽ പിടിച്ചു കയറ്റി മർദിക്കുകയും ചെയ്ത കേസിലെ രണ്ടാം പ്രതിഅറസ്റ്റിൽ. കരിപ്പൂർ വാണ്ട പനങ്ങോട്ടേല മേക്കിങ്കര വീട്ടിൽ രാഹുൽ രാജ് (27) ആണ് അറസ്റ്റിലായത്.

കേസിലെ മറ്റൊരു പ്രതി വാണ്ട കുന്നുംപുറത്ത് വീട്ടിൽ വീട്ടിൽ ശ്രീജിത്ത് നേരത്തെ അറസ്റ്റിൽ ആയിരുന്നു. മൊബൈൽ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിലാണ് രണ്ടാം പ്രതി പിടിയിലായത്. നെടുമങ്ങാട് പോലീസ് സ്റ്റേഷൻ എസ് എച്ച് ഒ പി.കെ.മോഹിത്, എസ് ഐമാരായ അഭിജിത്ത്, ജ്യോതിഷ്, എഎസ്ഐമാരായ വിജയൻ, ആർ ബിജു, രാജേഷ്, എസ്സിപിഒ ബിജു, സിപിഒ ശ്രീലാൽ, അനന്തു, ജിഷ്ണു എന്നിവർ അടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

കാപ്പ പ്രതിയും റൗഡി ഹിസ്റ്ററി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളും നെടുമങ്ങാട്, വലിയമല എന്നീ സ്റ്റേഷനുകളിൽ മോഷണം, കൂലിതല്ല് ,കൊലപാതക ശ്രമം, നിരോധിത ലഹരി വസ്തു വിൽപ്പന, പോലീസിനെ ആക്രമിക്കൽ ഉൾപ്പെടെ 18 ഓളം കേസിലെ പ്രതിയാണ് രാഹുൽ രാജ് എന്ന് പോലീസ് പറഞ്ഞു. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

ട്രെയിനിടിച്ചു മരിച്ചയാളെ കാണാനെത്തിയ നാലുപേർ മറ്റൊരു ട്രെയിനിടിച്ചു മരിച്ചു

ഉത്തർപ്രദേശ്: ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ ട്രെയിൻ തട്ടി ഒരാൾ മരിച്ച തറിഞ്ഞ് അന്വേഷിക്കാൻ ട്രെയിനിൽ നിന്നും ഇറങ്ങിയ യാത്രക്കാരായ നാലുപേരെ എതിരെ വന്ന മറ്റൊരു ട്രെയിൻ ഇടിച്ചു മരിച്ചു.

ബുധനാഴ്ച വൈകുന്നേരം പച്ച്ഡേവ്രെ ഹാൾട്ട് ഓവർ ബ്രിഡ്ജിന് സമീപമാണ് സംഭവം. കൽക്ക എക്സ്പ്രസാണ് ആദ്യം മരണപ്പെട്ട വ്യക്തിയെ ഇടിച്ചത്. തുടർന്ന് ഈ ട്രെയിൻ ഇവിടെ പിടിച്ചിട്ടു.

ഇതിലെ ചില യാത്രക്കാർ സ്ഥിതിഗതികൾ നിരീക്ഷിക്കാൻ പാളത്തിലേക്ക് ചാടി ഇറങ്ങി. ഇതിനിടെ, എതിർ ദിശയിൽ മറ്റൊരു ട്രെയിൻ വരുന്നത് ശ്രദ്ധിക്കാത്തതാണ് അപകടത്തിനിടയാക്കിയത്. ഈ സമയം ഇതിലൂടെ കടന്നുവന്ന പുരുഷോത്തം എക്സ്പ്രസ് നാല് പേരെ ഇടിക്കുകയും സംഭവസ്ഥലത്ത് തന്നെ അവർ മരിക്കുകയും ചെയ്തു.

ബിഹാറിലെ സിവാൻ സ്വദേശിയായ ബലിറാം ഭഗത്, മിർസാപൂരിലെ നീബി സ്വദേശിയായ സുനിൽ കുമാർ, ഫിറോസാബാദിലെ ഖൈർഗഢ് സ്വദേശിയായ ആകാശ് എന്നിവരാണ് മരിച്ചതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. രണ്ടാമത്തെ അപകടത്തിൽ മരിച്ച മറ്റ് രണ്ട് യാത്രക്കാരെ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. ട്രെയിനിൻറെ ജനറൽ കോച്ചുകളിൽ നിന്ന് യാത്രക്കാർ ഇറങ്ങി ട്രാക്കിൽ നിന്നതാണ് അപകടത്തിന് ഇടയാക്കിയതെന്ന് നോർത്ത് സെൻട്രൽ റെയിൽവേ ചീഫ് പബ്ലിക് റിലേഷൻസ് ഓഫിസർ (സിപിആർഒ) ശശികാന്ത് ത്രിപാഠി പറഞ്ഞു. അപകടത്തെ തുടർന്ന് ഹൗറ-ഡൽഹി റൂട്ടിലെ ഗതാഗതം തടസപ്പെട്ടു.

പീഡന, മതപരിവർത്തന കേസ്; ടിസിഎസ് നാസിക് ഓഫീസ് അടച്ചു

മുംബൈ: മതപരിവർത്തന, ലൈംഗികാതിക്രമ പരാതികളെ തുടർന്ന് ടാറ്റാ കൺസൾട്ടൻസി സർവീസസിൻറെ (ടിസിഎസ്) നാസിക് ശാഖ താൽക്കാലികമായി അടച്ചു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ വീട്ടിലിരുന്ന് ജോലി ചെയ്യാനാണ് ജീവനക്കാർക്ക് നൽകിയിരിക്കുന്ന നിർദേശം.

പരാതികൾക്ക് പിന്നാലെ വലിയ പ്രതിഷേധങ്ങൾ ഉയർന്ന പശ്ചാത്തലത്തിലാണ് ഓഫീസ് അടച്ചിടാൻ കമ്പനി തീരുമാനിച്ചത്. നിലവിൽ ഒമ്പതു കേസുകളാണ് രാജ്യത്തെ പ്രമുഖ ഐടി കമ്പനിയായ ടിസിഎസിൻറെ നാസിക് ശാഖയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സംഭവവുമായി ബന്ധപ്പെട്ട് ഡാനിഷ്, തൗസിഫ്, നിദ ഖാൻ എന്നിവരടക്കം ഒമ്പതു പേരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. കമ്പനിയിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ തന്നോട് ലൈംഗികാതിക്രമം നടത്തിയെന്ന് കാണിച്ച് ഒരു ജീവനക്കാരി പരാതി നൽകിയിരുന്നു.

ലൈംഗിക ചൂഷണത്തോടൊപ്പം ചില ജീവനക്കാരെ പ്രത്യേക മതത്തിലേക്ക് മാറാൻ ഉദ്യോഗസ്ഥർ നിർബന്ധിച്ചെന്നും ആരോപണം ഉയർന്നിരുന്നു. അതേസമയം പ്രതികൾക്ക് മലേഷ്യ ആസ്ഥാനമായുള്ള മതപ്രഭാഷകരുമായി ബന്ധമുണ്ടെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ട്.

വിദേശത്തുനിന്ന് ഈ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോയെന്ന് കേന്ദ്ര ഏജൻസികൾ പരിശോധിച്ചുവരികയാണ്. പ്രതികൾ നിർബന്ധിച്ച് നമസ്കാരം ചെയ്യിപ്പിച്ചെന്നും നിർബന്ധിച്ച് മാംസാഹാരം കഴിപ്പിക്കാൻ ശ്രമിച്ചെന്നും പരാതിയിൽ പറയുന്നു.

പവർ സോപ്പ് പരസ്യ തർക്കം: നടി തമന്നയുടെ ഒരുകോടി രൂപയുടെ നഷ്ടപരിഹാര ഹർജി മദ്രാസ് ഹൈക്കോടതി തള്ളി

ചെന്നൈ: പ്രമുഖ സോപ്പ് ബ്രാൻഡായ 'പവർ സോപ്പി'ൽ നിന്ന് ഒരുകോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് തെന്നിന്ത്യൻ നടി തമന്ന ഭാട്ടിയ സമർപ്പിച്ച ഹർജി മദ്രാസ് ഹൈക്കോടതി തള്ളി. കരാർ കാലാവധി കഴിഞ്ഞിട്ടും തൻറെ ചിത്രങ്ങൾ പരസ്യത്തിനായി ഉപയോഗിച്ചു എന്ന് ആരോപിച്ചാണ് തമന്ന കോടതിയെ സമീപിച്ചത്.

2005ലാണ് പവർ സോപ്പിൻറെ ബ്രാൻഡ് അംബാസഡറായി തമന്ന കരാറിൽ ഏർപ്പെട്ടത്. ഈ കരാർ കാലാവധി അവസാനിച്ചതിന് ശേഷവും കമ്പനി തൻറെ ചിത്രങ്ങൾ ഉത്പന്നങ്ങളുടെ പായ്ക്കറ്റുകളിലും പരസ്യങ്ങളിലും ഉപയോഗിക്കുന്നത് തുടരുകയാണെന്നും ഇത് തൻറെ പ്രശസ്തിയെ ബാധിക്കുന്നുവെന്നും തമന്ന കോടതിയിൽ വാദിച്ചു.

തൻറെ അനുമതിയില്ലാതെ ചിത്രം ഉപയോഗിച്ചതിലൂടെ കമ്പനി ലാഭമുണ്ടാക്കിയെന്നും അതിനാൽ ഒരുകോടി രൂപ നഷ്ടപരിഹാരമായി വേണമെന്നുമാണ് തമന്ന ആവശ്യപ്പെട്ടത്. കരാർ കാലാവധിക്ക് ശേഷം കമ്പനി ഈ ചിത്രങ്ങൾ ഉപയോഗിച്ചുവെന്ന് തെളിയിക്കാൻ മതിയായ രേഖകൾ ഹാജരാക്കാൻ താരത്തിന് സാധിച്ചില്ലെന്ന് കോടതി നിരീക്ഷിച്ചു. ജസ്റ്റിസ് എസ്. തമിഴ്സെൽവൻ ഉൾപ്പെട്ട ബെഞ്ചാണ് കേസ് പരിഗണിച്ചത്. ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ വസ്തുതപരമായി തെളിയിക്കപ്പെട്ടിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് കോടതി ഹർജി തള്ളിയത്.

നിതിൻ രാജിൻറെ കുടുംബത്തിന് നിയമപരമായും അല്ലാതെയുമുള്ള എല്ലാ സഹായങ്ങളും നൽകും: ബിനോയ് വിശ്വം

തിരുവനന്തപുരം: അഞ്ചരക്കണ്ടി ഡെൻറൽ കോളജിൽ മരിച്ച നിലയിൽ കണ്ടെത്തിയ ഒന്നാം വർഷ വിദ്യാർഥി നിതിൻ രാജിൻറെ വീട്ടിലെത്തി സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം.

നിതിൻറെ ബന്ധുക്കളെ സന്ദർശിച്ച അദ്ദേഹം നിയമപരമായും അല്ലാതെയുമുള്ള എല്ലാ സഹായങ്ങളും നൽകാമെന്നു ബിനോയ് വിശ്വം നിതിൻ രാജിൻറെ മാതാപിതാക്കൾക്ക് ഉറപ്പു നല്കി.

സിപിഐ ജില്ലാ അസിസ്റ്റൻറ് സെക്രട്ടറി പള്ളിച്ചൽ വിജയൻ, അരുവിക്കര മണ്ഡലം സെക്രട്ടറി എം. എസ്. റഷീദ്, എഐവൈഎഫ് ജില്ലാ പ്രസിഡൻറ് കണ്ണൻ എസ്. ലാൽ തുടങ്ങിയവരും ഒപ്പമുണ്ടായിരിന്നു.

ലഷ്കർ-ഇ-തൊയ്ബ നേതാവ് ആമിർ ഹംസയ്ക്ക് അജ്ഞാതൻറെ വെടിയേറ്റു, ഗുരുതര പരിക്ക്

ഇസ്ലാമാബാദ്: പാക്കിസ്ഥാൻ ആസ്ഥാനമായുള്ള ഭീകര സംഘടനയായ ലഷ്കർ-ഇ-തൊയ്ബ (എൽഇടി) സ്ഥാപക നേതാവ് ആമിർ ഹംസയ്ക്ക് അജ്ഞാതൻറെ വെടിയേറ്റു. ആമിർ ഹംസയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇയാളുടെ ആരോഗ്യനില ഗുരുതരമാണ്. ലാഹോറിൽ വച്ചാണ് സംഭവം.

ലാഹോറിലെ ഒരു വാർത്താ ചാനലിൻറെ ഓഫീസിന് പുറത്ത് വച്ച് അജ്ഞാതരായ ആളുകൾ ആമിർ ഹംസയ്ക്ക് നേരെ വെടിയുതിർക്കുകയായിരുന്നുവെന്നാണ് റിപ്പോർട്ട്.

ഒരു വർഷത്തിനുള്ളിൽ ആമിർ ഹംസയ്ക്ക് നേരെയുണ്ടാകുന്ന രണ്ടാമത്തെ ആക്രമണമാണിത്. കഴിഞ്ഞ വർഷം മേയിൽ വസതിക്ക് മുന്നിൽവച്ച് അജ്ഞാതരായ ആളുകൾ ആമിർ ഹംസയെ വെടിവച്ചിരുന്നു. ഗുരുതര പരിക്കേറ്റ ആമിർ ഹംസ തലനാരിഴയ്ക്കാണ് രക്ഷപെട്ടത്. ഇതിനു പിന്നാലെ ഇയാളുടെ സുരക്ഷ വർധിപ്പിച്ചിരുന്നു. 1959 മേയ് 10ന് പഞ്ചാബ് പ്രവിശ്യയിലെ ഗുജ്രൻവാലയിൽ ജനിച്ച ആമിർ ഹംസ, 1985-86 കാലത്താണ് ഹാഫിസ് സയീദിനൊപ്പം ലഷ്കർ-ഇ-തൊയ്ബ സ്ഥാപിച്ചത്. ലഷ്കറിൻറെ വക്താവ് കൂടിയായ ഹംസ അറിയപ്പെടുന്ന പ്രഭാഷകനും എഴുത്തുകാരനുമാണ്. 'ഖാഫില ദഅ്വത് ഔർ ഷഹാദത്ത്' ഉൾപ്പെടെ നിരവധി പുസ്തകങ്ങളും ഹംസ എഴുതിയിട്ടുണ്ട്. അമേരിക്ക ഭീകര പട്ടികയിൽ ഉൾപ്പെടുത്തിയ വ്യക്തി കൂടിയാണ് ഹംസ.

ദുർമന്ത്രവാദ വിരുദ്ധ നിയമനിർമ്മാണം: പൊതുജന അഭിപ്രായം ക്ഷണിക്കുന്നു

കേരളത്തിൽ ദുർമന്ത്രവാദവും അമാനുഷിക ദുഷ്പ്രവൃത്തികളും തടയുന്നതിനുള്ള നിയമ നിർമ്മാണ ശുപാർശ തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച വിദഗ്ദ്ധസമിതി പൊതുജനങ്ങളിൽ നിന്നും ലിഖിത അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചു. 34 ദോഷകരമായ ആചാരങ്ങൾ മൂന്ന് വിഭാഗങ്ങളിലായി താൽക്കാലികമായി സമിതി പട്ടികപ്പെടുത്തിയിട്ടുണ്ട്. പട്ടിക കേരള ലോ റിഫോംസ് കമ്മീഷൻ വെബ് സൈറ്റിൽ (lawreformscommission.kerala.gov.in) ലഭ്യമാണ്.

അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഏപ്രിൽ 27-നകം lawreformskerala@gmail.com ൽ ഇ മെയിലായോ, കേരള നിയമപരിഷ്കരണ കമ്മീഷൻ, ടി.സി. 25/2450, സി.എസ്.ഐ. ബിൽഡിംഗ്, പുത്തൻചന്ത, തിരുവനന്തപുരം 695001 മേൽവിലാസത്തിൽ തപാലിലോ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0471-2478788.

വനിതാ സംവരണ ബിൽ; ചോദ്യങ്ങളുമായി അഖിലേഷ് യാദവ്

ന്യൂഡൽഹി: വനിതാ സംവരണ ബിൽ ചർച്ചയ്ക്കിടെ കേന്ദ്ര സർക്കാരിനെ കടന്നാക്രമിച്ച് സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. ബിജെപി രാഷ്ട്രീയ നേട്ടങ്ങൾക്ക് വേണ്ടിയാണ് ബില്ലിനെ ഉപയോഗിക്കുന്നത്.

ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ എത്ര വനിതാ മുഖ്യമന്ത്രിമാരുണ്ടെന്നും അദ്ദേഹം ചോദിച്ചു. സ്ത്രീ ശക്തീകരണം സമാജ് വാദി പാർട്ടിയുടെ പ്രധാന പ്രത്യയ ശാസ്ത്രങ്ങളിൽ ഒന്നാണ്. തങ്ങളുടെ പാർട്ടിയിൽ സ്ത്രീകൾക്ക് ഉയർന്ന പദവിനൽകിയിട്ടുണ്ട്.

വനിതാ സംവരണ ബിൽ നടപ്പിലാക്കുന്നതിന് പിന്നിൽ വോട്ട് ബാങ്ക് രാഷ്ട്രീയം മാത്രമാണ്. ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. വനിതാ സംവരണം നടപ്പിലാക്കുന്നതിനായി ലോക്സഭാ സീറ്റുകളുടെ എണ്ണം 850 ആയി വർധിപ്പിക്കാനാണ് കേന്ദ്ര സർക്കാർ നീക്കം.

മദ്യലഹരിയിൽ സഹോദരനെ കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ

മുംബൈ: മഹാരാഷ്ട്രയിലെ ഒസ്മാൻപുരയിൽ സഹോദരനെ കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ. മദ്യലഹരിയിലെത്തിയ അസ്ലം ഹുസൈൻ (26) ആണ് സഹോദരൻ സഫ്ദർ ഹുസൈനെ (22) കുത്തി കൊലപ്പെടുത്തിയത്.

പതിവായി മദ്യപിച്ച് വീട്ടിൽ എത്തുന്ന അസ്ലം കുടുംബാംഗങ്ങളോട് പണം ആവശ്യപ്പെടുകയും മർദിക്കുകയും ചെയ്തിരുന്നു. ബുധനാഴ്ച മദ്യപിച്ചെത്തിയ അസ്ലം, സഫ്ദറിനോട് പണം ആവശ്യപ്പെടുകയും ഇരുവരും തമ്മിൽ തർക്കമുണ്ടാവുകയും ചെയ്തു.

കോപാകുലനായ പ്രതി സഫ്ദറിനെ മർദിക്കുകയും കുത്തി കൊലപ്പെടുത്തിയെന്നാണ്കേസ്. സംഭവം അറിഞ്ഞ ഉടൻതന്നെ പോലീസ് സ്ഥലത്തെത്തി വിവരങ്ങൾ ശേഖരിച്ചു. സഫ്ദറിൻറെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി അയച്ചു. ഇദ്ദേഹത്തിൻറെ കുടുംബത്തിൻറെ പരാതിയുടെ അടിസ്ഥാനത്തിൽ അസ്ലമിനെതിരെ പോലീസ് കേസെടുത്ത് അറസ്റ്റ് ചെയ്തു.

മലയാളം തുല്യതാ പരീക്ഷ മെയ് 11 ന്

2026 ലെ മലയാളശ്രീ ഓറിയന്റൽ സ്കൂളുകളിലെ കുട്ടികൾക്കുള്ള മലയാളം തുല്യതാ പരീക്ഷ മെയ് 11 ന് അതത് ഓറിയന്റൽ സ്കൂളുകളിൽ വച്ച് നടത്തും.

സ്വന്തം മരണം ചിത്രീകരിക്കാൻ യാചകനെ കൊന്നു കത്തിച്ചു, സേനയിൽനിന്നു പിരിച്ചുവിട്ട പോലീസ് കോൺസ്റ്റബിൾ അറസ്റ്റിൽ

ലക്നോ: സ്വന്തം മരണം ചിത്രീകരിക്കാൻ യാചകനെ കൊന്നു കത്തിച്ച കേസിൽ സേനയിൽനിന്നു പിരിച്ചുവിട്ട പോലീസ് കോൺസ്റ്റബിൾ അറസ്റ്റിൽ. ഉത്തർപ്രദേശിലെ നോർത്ത് ഈസ്റ്റേൺ റെയിൽവേയിലെ ഹാത്രാസ് റോഡ് ഹാൾട്ടി നടുത്താണ് സംഭവം.

മാർച്ച് 12ന് അജ്ഞാത വൃദ്ധൻറെ കത്തിക്കരിഞ്ഞ മൃതദേഹം ഇവിടെനിന്നു കണ്ടെടുത്തിരുന്നു. പോലീസിലെ മുൻ ഉദ്യോഗസ്ഥനായിരുന്ന രാംവീർ സിംഗ്(55) ആണ് കൊല്ലപ്പെട്ടതെന്നായിരുന്നു റിപ്പോർട്ട്. മൃതദേഹത്തിന് സമീപത്തുനിന്നു ലഭിച്ച തിരിച്ചറിയൽ രേഖകളിൽ നിന്നാണ് പോലീസ് ഈ നിഗമനത്തിൽ എത്തിച്ചേർന്നത്.

സംഭവത്തിൽ ഹത്രാസ് സിറ്റിയിലെ ഗവൺമെൻറ് റെയിൽവേ പോലീസ് (ജിആർപി) സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിനിടെ, പോലീസ് സത്യാവസ്ഥ കണ്ടെത്തുകയും മെയിൻപുരി ജില്ലയിലെ കിഷ്നി പ്രദേശത്തുനിന്നു രാംവീർ സിംഗിനെ ഏപ്രിൽ 14ന് അറസ്റ്റ് ചെയ്യുകയുമായിരുന്നു.

താൻ മരിച്ചുവെന്ന വ്യാജ വാർത്ത പരത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രതി കുറ്റകൃത്യം നടത്തിയതെന്ന് ജിആർപി ഹത്രാസ് സിറ്റി സ്റ്റേഷൻ ഇൻചാർജ് സുയാഷ് സിംഗ് പറഞ്ഞു. എന്നാൽ, ഇതിൻറെ കാരണം വ്യക്തമല്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

'ഇയാൾ ഒരു സ്ഥിരം കുറ്റവാളിയാണ്, ഫിറോസാബാദ്, അലിഗഢ്, മൊറാദാബാദ്, ഹർദോയ്, മെയിൻപുരി, ബദൗൺ തുടങ്ങിയ ജില്ലകളിൽ തട്ടിക്കൊണ്ടുപോകൽ, കൊലപാതകം, കവർച്ച, വഞ്ചന തുടങ്ങിയ നിരവധി കേസുകൾ ഇയാളുടെ പേരിലുണ്ട്'. ഉദ്യോഗസ്ഥർ പറഞ്ഞു.

കുറ്റകൃത്യം ചെയ്യുന്നതിനിടെ പ്രതിക്കു പൊള്ളലേറ്റതായും പോലീസ് വ്യക്തമാക്കി. മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ലെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും പോലീസ് അറിയിച്ചു.

കാറിനുള്ളിൽ കുടുങ്ങിയ അഞ്ച് വയസുകാരി ശ്വാസംമുട്ടി മരിച്ചു

ഹൈദരാബാദ്: തെലുങ്കാനയിലെ നൽഗൊണ്ടയിൽ നിർത്തിയിട്ടിരുന്ന കാറിനുള്ളിൽ കുടുങ്ങിയ അഞ്ച് വയസുകാരി ശ്വാസംമുട്ടി മരിച്ചു. പെർണി സ്വദേശികളായ സതീഷ്-ഗായത്രി ദമ്പതികളുടെ മകൾ ശരണ്യയാണ് മരിച്ചത്.

മറ്റ് കുട്ടികളോടൊപ്പം കളിക്കുന്നതിനിടെ ശരണ്യ വീടിന് സമീപം നിർത്തിയിട്ടിരുന്ന കാറിൽ കയറുകയായിരുന്നു. കുട്ടി കാറിനുള്ളിൽ കയറിയത് വീട്ടുകാരുടെയും ബന്ധുക്കളുടെയും ശ്രദ്ധയിൽപ്പെട്ടില്ല. ഇതിനിടെ കാറിൻറെ ജനലുകളും വാതിലുകളും ലോക്കായതോടെ ശരണ്യ കാറിനുള്ളിൽ കുടുങ്ങിപോവുകയായിരുന്നു.

കുറേനേരം കഴിഞ്ഞിട്ടും കുട്ടിയെ കാണാതായതിനെ തുടർന്ന് വീട്ടുകാർ സമീപത്തെ വീടുകളിലും പരിസരത്തും തിരച്ചിൽ നടത്തി.

മണിക്കൂറുകൾക്ക് ശേഷമാണ് നിർത്തിയിട്ടിരുന്ന കാറിൻറെ പിൻസീറ്റിൽ ശരണ്യയെ ബോധരഹിതയായ നിലയിൽ കണ്ടെത്തിയത്. ഉടൻ തന്നെ കാർ തുറന്ന് കുട്ടിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

കാറിനുള്ളിൽ വായുസഞ്ചാരമില്ലാത്തതിനാൽ ശ്വാസംമുട്ടിയാണ് മരണം സംഭവിച്ചതെന്ന് പോലീസ് സംശയിക്കുന്നു. ഗായത്രിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് കേസെടുത്തിട്ടുണ്ട്. കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

റഷ്യൻ എണ്ണ വാങ്ങാനുള്ള ഇളവ് പുതുക്കില്ലെന്ന് യുഎസ്; ഇന്ത്യയ്ക്ക് തിരിച്ചടി

വാഷിങ്ടൻ : റഷ്യയിൽ നിന്നും ഇറാനിൽ നിന്നും അസംസ്കൃത എണ്ണ വാങ്ങുന്നതിനായി വിവിധ രാജ്യങ്ങൾക്ക് നൽകിയിരുന്ന ഉപരോധ ഇളവുകൾ ഇനി നീട്ടിനൽകില്ലെന്ന് അമേരിക്കൻ ട്രഷറി സെക്രട്ടറി സ്കോട്ട് ബെസെന്റ്. ഈ ഇളവുകളുടെ പ്രധാന ഗുണഭോക്താക്കളിൽ ഒന്നായ ഇന്ത്യയെ സംബന്ധിച്ചിടത്തോളം തീരുമാനം തിരിച്ചടിയാണ്. മാർച്ച് 11ന് മുൻപ് കടലിൽ ഉണ്ടായിരുന്ന എണ്ണയ്ക്ക് മാത്രമായി നൽകിയ താൽക്കാലിക അനുമതികൾ അവസാനിച്ചതായി സ്കോട്ട് ബെസെന്റ് അറിയിച്ചു.

റഷ്യൻ എണ്ണയ്ക്കുള്ള ഇളവ് ഏപ്രിൽ 11ന് അവസാനിച്ചു. ഇറാനിയൻ എണ്ണയുടേത് ഏപ്രിൽ 19ന് അവസാനിക്കും. ഉപരോധങ്ങൾക്കിടയിലും ആഗോള എണ്ണവില നിയന്ത്രിക്കുന്നതിനായി ഇന്ത്യൻ റിഫൈനറികൾക്ക് റഷ്യൻ എണ്ണ വാങ്ങാൻ അമേരിക്ക 30 ദിവസത്തെ പ്രത്യേക അനുമതി നൽകിയിരുന്നു. ഇത് പ്രകാരം റിലയൻസ് ഉൾപ്പെടെയുള്ള കമ്പനികൾ ഏകദേശം 3 കോടി ബാരൽ റഷ്യൻ എണ്ണയ്ക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ ഇളവുകൾ നീട്ടണമെന്ന ഇന്ത്യയുൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളുടെ ആവശ്യം അമേരിക്ക തള്ളുകയായിരുന്നു.

വനിതാ സംവരണം; ബില്ലിനെ എതിർക്കുന്നവർക്ക് സ്ത്രീകൾ മാപ്പ് നൽകില്ലെന്ന് പ്രധാനമന്ത്രി

ന്യൂഡൽഹി: വനിതാ സംവരണ ബിൽ കാലഘട്ടത്തിൻറെ ആവശ്യമാണെന്നും ബില്ലിനെ എതിർക്കുന്നവർക്ക് രാജ്യത്തെ സ്ത്രീകൾ മാപ്പ് നൽകില്ലെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തിൻറെ വികസനയാത്രയിലെ സുപ്രധാന നിമിഷമാകും വനിതാ സംവരണ ബിൽ പാസാക്കുന്നത്. രാഷ്ട്രീയ കാരണങ്ങൾ കൊണ്ടാണ് ബില്ലിനെ പലരും എതിർക്കുന്നത്. നമ്മൾ ഒരുമിച്ച് നിന്നാൽ അതിലൂടെ ഇതിഹാസം രചിക്കാമെന്നും എംപിമാരോട് പ്രധാനമന്ത്രി വ്യക്തമാക്കി. രാജ്യത്തെ ജനസംഖ്യയിൽ പകുതി വരുന്ന സ്ത്രീകളെ ഭരണത്തിൻറെ ഭാഗമാക്കാനുള്ള വലിയ അവസരമാണിത്. ഈ അവസരം കളയരുതെന്നും പ്രധാനമന്ത്രി ലോക്സഭയിൽ ആവശ്യപ്പെട്ടു. രാജ്യത്തിൻറെ രാഷ്ട്രീയവും ദിശയും ഇത് മാറ്റിമറിയ്ക്കും. പഞ്ചായത്തിൽ സംവരണം അനുവദിച്ചവർ തന്നെ ലോക്സഭയിൽ ഇത് അനുവദിക്കാത്തത് വിരോധാഭാസമാണ്. സ്വന്തം സ്ഥാനം പോകും എന്ന ഭയമാണ് ചിലരെ നയിക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ബില്ലിനെ രാഷ്ട്രീയത്തിൻറെ അളവുകോൽവച്ച് കാണരുത്. ഇത് ദേശീയ താൽപര്യം മുൻനിർത്തിയുള്ള തീരുമാനമാണ്. തനിക്ക് ബില്ലിൻറെ ക്രെഡിറ്റ് വേണ്ട. ബിൽ പാസാൽ ക്രെഡിറ്റ് പ്രതിപക്ഷത്തിനു നൽകാമെന്നും നരേന്ദ്ര മോദി പറഞ്ഞു.

ഡൽഹിയിൽ വധുവിന് നേരെ ആസിഡ് ആക്രമണം; അയൽവാസി പിടിയിൽ

ന്യൂഡൽഹി: ഡൽഹിയിലെ ഇന്ദിരാ വിഹാർ നഗറിൽ വിവാഹത്തിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ 21 വയസുകാരിയായ യുവതിക്ക് നേരെ ആസിഡ് ആക്രമണം. സംഭവത്തിൽ അയൽവാസിയായ 26 വയസുകാരി പിടിയിലായി.

പ്രതിയായ യുവതിയും പ്രതിശ്രുത വരനും തമ്മിൽ വർഷങ്ങളായി പരിചയത്തിലാണെന്നും ഇയാളുടെ വിവാഹം നടക്കാൻ പോകുന്നതിനെത്തുടർന്നുണ്ടായ പ്രതികാരമാണ് ആക്രമണത്തിനു പിന്നിലെന്നും പോലീസ് പറഞ്ഞു. ഇന്ദിരാ വിഹാറിലെ യുവതിയുടെ വീട്ടിൽ മെഹന്തി ചടങ്ങ് നടക്കുകയായിരുന്നു സംഭവം.

മെഹന്തി ഇടാൻ എന്ന വ്യാജേനയാണ് പ്രതി യുവതിയുടെ വീട്ടിൽ എത്തുന്നത്. വീട്ടിലെത്തിയ പ്രതി കുറച്ചുനേരം അവിടെ ചിലവഴിക്കുകയും പിന്നീട് കൈയിൽ ഉണ്ടായിരുന്ന കുപ്പിയിലെ ആസിഡ് യുവതിയുടെ നേരെ ഒഴിക്കുകയുമായിരുന്നു.

തുടർന്ന് കൈവശമുണ്ടായിരുന്ന ആയുധം കൊണ്ട് മുറിവേൽപ്പിക്കുകയും ചെയ്തു. ആക്രമണത്തിൽ യുവതിയുടെ കണ്ണ്, മുഖം, കഴുത്ത്, കൈ എന്നിവിടങ്ങളിൽ ഗുരുതര പരിക്കേറ്റു. യുവതിയെ ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചു.

ഏപ്രിൽ 19 ന് യുവതിയുടെയും സഹോദരിയുടെയും വിവാഹം നടക്കാനിക്കുകയായിരുന്നു. രക്ഷപെടാൻ ശ്രമിച്ച പ്രതിയെ ബന്ധുക്കൾ തടഞ്ഞുവച്ച് പോലീസിൽ വിവരമറിയിച്ചു. സംഭവത്തിൽ കേസെടുത്ത പോലീസ് പ്രതിയെ അറസ്റ്റ് ചെയ്തു.

ഏപ്രിൽ 30 നകം ഫൈൻ അടയ്ക്കാം

ഗതാഗത നിയമലംഘനത്തിന് കേരളത്തിൽ ചുമത്തിയ ചെല്ലാനുകളുടെ ഫൈൻ 50 ശതമാനമായി കുറയ്ക്കുന്ന ആംനസ്റ്റി സ്കീം ഏപ്രിൽ 30 ന് അവസാനിക്കും.

31/12/2024 നു മുൻപ് മോട്ടോർ വാഹന വകുപ്പും കേരള പോലീസും ചുമത്തിയ ചെല്ലാനുകളാണ് ഇത്തരത്തിൽ തീർപ്പാക്കുക.

https://services.mvd.kerala.gov.in വഴി അപേക്ഷ നൽകി വാഹന ഉടമകൾക്ക് ഫൈൻ അടയ്ക്കാം.

Edited, Printed, Published & owned by Yesudas William, `Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

തൊഴിലാളികൾ കുറവ്; വിചാരിച്ചതുപോലെ നീങ്ങാതെ വയനാട് ടൗൺഷിപ്പ് നിർമാണം

കൽപ്പറ്റ: വയനാട് പുഞ്ചിരിമട്ടം ഉരുൾ ദുരന്തബാധിതരുടെ പുനരധിവാസത്തിനുള്ള ടൗൺഷിപ്പിൻെറ നിർമാണം സർക്കാർ വിചാരിച്ചതുപോലെ നീങ്ങുന്നില്ല. ടൗൺഷിപ്പിൽ 410 വീടുകളുടെയും പ്രവൃത്തി ഏപ്രിൽ 30 നകം പൂർത്തിയാക്കുമെന്നായിരുന്നു സർക്കാർ പ്രഖ്യാപനം. എന്നാൽ ജൂണിൽ പോലും നിർമാണം പൂർത്തിയാകാത്ത സ്ഥിതിയാണുള്ളത്.

ടൗൺഷിപ്പിൽ ഭവന നിർമാണവും മറ്റു പ്രവൃത്തികളും നടത്താൻ ഏതാനും തൊഴിലാളികൾ മാത്രമാണ് നിലവിലുള്ളത്. ടൗൺഷിപ്പിൽ ഉണ്ടായിരുന്നതിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾ അവരവരുടെ നാടുകളിലാണ്. പശ്ചിമബംഗാളിലുള്ളതടക്കം തൊഴിലാളികൾ തിരിച്ചെത്തുന്നമുറയ്ക്കേ പ്രവൃത്തികൾക്ക് വേഗമാകൂ.

അടുത്ത മഴക്കാലത്തിന് മുമ്പ് ടൗൺഷിപ്പിൽ താമസമാക്കാൻ കഴിയില്ലെന്നു കരുതുന്ന ദുരന്തബാധിതർ നിരവധിയാണ്. 178 വീടുകളുടെ നിർമാണം പൂർത്തിയാക്കി ടൗൺഷിപ്പ് ഒന്നാം ഘട്ടം ഉദ്ഘാടനം മാർച്ച് ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചിരുന്നു. ഇത്രയും വീടുകളുടെ ഉടമാവകാശ രേഖ വിതരണവും നടത്തി. എന്നാൽ നാമമാത്ര വീടുകളിൽ പോലും ദുരന്തബാധിതർക്ക് താമസമാക്കാനായില്ല.

സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്, സെപ്റ്റിക് ടാങ്കുകൾ എന്നിവയുടെ പ്രവൃത്തി പൂർത്തിയാകാത്തതും വെള്ളം, വൈദ്യുതി സൗകര്യങ്ങളാകാത്തതുമാണ് വീടുകളിൽ വാസത്തിന് തടസമായത്. 40 വീടുകൾ വാസയോഗ്യമായതായാണ് ജില്ലാ ഭരണകൂടം ഇപ്പോൾ പറയുന്നത്. ആദ്യഘട്ടം ഉദ്ഘാടനം നടന്ന് ഒന്നരമാസമായിട്ടും വീടുകളിൽ താമസിക്കാൻ കഴിയാത്തത് ദുരന്തബാധിതരിൽ അലോസരം സൃഷ്ടിക്കുന്നുണ്ട്.

കൽപ്പറ്റയ്ക്കടുത്ത് എൽസ്റ്റൻ എസ്റ്റേറ്റിൽനിന്നു ഏറ്റെടുത്ത ഭൂമിയിലാണ് ടൗൺഷിപ്പ് നിർമാണം. 44.33 കോടി രൂപ കോടതിയിൽ കെട്ടിവച്ച് 2025 ഏപ്രിൽ 11നാണ് സർക്കാർ 64.4075 ഹെക്ടർ ഭൂമി ഏറ്റെടുത്തത്. ടൗൺഷിപ്പിൽ ഓരോ കുടുംബത്തിനും ഏഴ് സെൻറ് സ്ഥലവും വീടുമാണ് നൽകുന്നത്.

പൊതു റോഡ്, ആരോഗ്യ കേന്ദ്രം, അങ്കണവാടി, പൊതു മാർക്കറ്റ്, കമ്മ്യൂണിറ്റി സെൻറർ, ലബോറട്ടറി, ഫാർമസി, പാർക്കിംഗ് ഏരിയ, കളിസ്ഥലം, ലൈബ്രറി, സ്പോർട്സ് ക്ലബ്, ഓപ്പൺ എയർ തിയറ്റർ, മെമ്മോറിയൽ തുടങ്ങിയവ ടൗൺഷിപ്പിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ടൗൺഷിപ്പിൽ അഞ്ച് സോണുകളിലാണ് ഭവനങ്ങൾ നിർമിക്കുന്നത്. 2025 മാർച്ച് 27നായിരുന്നു വീടുകളുടെ ശിലാസ്ഥാപനം. സോൺ ഒന്നിലെ 140 വീടുകളിൽ 107 ഉം സോൺ മൂന്നിലെ 51 വീടുകളിൽ 28 ഉം സോൺ നാലിലെ 51 വീടുകളിൽ 43 ഉം വീടുകൾ ഉൾപ്പെടുത്തിയാണ് ആദ്യഘട്ടം ഉദ്ഘാടനം നടത്തിയത്.

പുനരധിവാസത്തിന് യോഗ്യരെന്ന് സർക്കാർ കണ്ടെത്തിയതിൽ 104 കുടുംബങ്ങൾ ടൗൺഷിപ്പിൽ വീട് വേണ്ടെന്നു തീരുമാനിച്ചിരുന്നു. ഈ കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം സർക്കാർ നൽകി. 2024 ജൂലൈ 30ന് രാത്രിയായിരുന്നു പുഞ്ചിരിമട്ടം ഉരുൾ ദുരന്തം. മേപ്പാടി പഞ്ചായത്തിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളെയാണ് ഉരുൾപൊട്ടൽ പ്രധാനമായും ബാധിച്ചത്. 298 പേർ ദുരന്തത്തിൽ മരിച്ചു. 32 പേരെ കാണാതായി. അടയാളം അവശേഷിപ്പിക്കാതെ 59 വീടുകൾ പൂർണമായും ഒലിച്ചുപോയി. നിരവധി വീടുകൾ ഭാഗികമായി തകർന്നു. 37 പേർക്ക് ഗുരുതരമായി പരിക്കേറ്റു. പുഞ്ചരിമട്ടം ദുരന്തബാധിതരുടെ പുനരധിവാസം നിയമസഭാ തെരഞ്ഞെടുപ്പിൽ മൂന്നു മുന്നണികളും ജില്ലയ്ക്ക് അകത്തുംപുറത്തും പ്രചാരണവിഷയമാക്കിയിരുന്നു.

സംരക്ഷണം തേടി വൈറൽ പെൺകുട്ടി; മുഖ്യമന്ത്രിക്കടക്കം പരാതി നല്കി

കൊച്ചി: തന്നെ മധ്യപ്രദേശിലേക്ക് കൊണ്ടു പോകുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് പോലീസ് സംരക്ഷണം തേടി കുംഭമേള വൈറൽ പെൺകുട്ടി. മുഖ്യമന്ത്രിക്കും കൊച്ചി സിറ്റി പോലീസ് കമ്മിഷണർക്കുമാണ് പെൺകുട്ടി പരാതി നൽകിയത്. പെൺകുട്ടിയുടെ വിവാഹവുമായി ബന്ധപ്പെട്ട അന്വേഷണത്തിനായി മധ്യപ്രദേശ് പോലീസ് കൊച്ചിയിലെത്തിയിട്ടുണ്ട്.

മഹേശ്വർ സിഐ ഗൺപത് കനയാലും ഒരു വനിതാ എസ്ഐയും ഉൾപ്പെടെ അഞ്ചു ഉദ്യോഗസ്ഥരാണ് തൃക്കാക്കര പോലീസ് സ്റ്റേഷനിൽ എത്തിയത്. ഭർത്താവ് ഫർമാൻ ഖാനെതിരെ പെൺകുട്ടിയുടെ പിതാവിന്റെ പരാതിയിൽ മധ്യപ്രദേശ് പോലീസ് തട്ടിക്കൊണ്ടുപോകലിന് കേസ് രജിസ്റ്റർ ചെയ്തിരുന്നു.

പോക്സോ കേസും ഫർമാനെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പെൺകുട്ടിയും ഫർമാനും കൊച്ചിയിലുണ്ട് എന്ന വിവരത്തെ തുടർന്നാണ് മധ്യപ്രദേശ് പോലീസ് കൊച്ചിയിൽ എത്തിയത്. ഫർമാനെ മേയ് 20 വരെ അറസ്റ്റ് ചെയ്യരുതെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

ഈ ഉത്തരവിൻെറ പകർപ്പ് മധ്യപ്രദേശ് പോലീസിന് നൽകിയതായി കൊച്ചി സിറ്റി പോലീസ് കമ്മിഷണർ മാധ്യമങ്ങളോട് പറഞ്ഞു. എന്തിനാണ് പോലീസ് എത്തിയതെന്ന് തനിക്ക് അറിയില്ലെന്നും കാളിരാജ് മഹേഷ് കുമാർ മാധ്യമങ്ങളോട് വ്യക്തമാക്കി.

ഫർമാൻ ഖാൻെറ സുഹൃത്തിനെ ചോദ്യം ചെയ്യാനായി മധ്യപ്രദേശ് പോലീസ് ശ്രമിച്ചെങ്കിലും സുഹൃത്ത് പോലീസിന് മുന്നിൽ ഹാജരായില്ല.

മാർച്ച് 11ന് ആയിരുന്നു തിരുവനന്തപുരം പൂവാർ ക്ഷേത്രത്തിൽ വച്ച് പെൺകുട്ടിയും ഫർമാനുമായുള്ള വിവാഹം നടന്നത്. പെൺകുട്ടിയുടെ പ്രായം 18 ആണെന്ന വാദത്തിലാണ് കേരള പോലീസ്.

വൈറൽ പെൺകുട്ടിയുടെ വിവാഹം: അന്വേഷണത്തിനായി മധ്യപ്രദേശ് പോലീസ് കൊച്ചിയിൽ

കൊച്ചി: കുംഭമേള വൈറൽ പെൺകുട്ടിയുടെ വിവാഹവുമായി ബന്ധപ്പെട്ട കേസ് അന്വേഷണത്തിനായി മധ്യപ്രദേശ് പോലീസ് കൊച്ചിയിൽ. തൃക്കാക്കര പോലീസ് സ്റ്റേഷനിലാണ് മധ്യപ്രദേശ് പോലീസ് എത്തിയത്. മഹേശ്വർ സിഐ ഗൺപത് കനയാലും ഒരു വനിതാ എസ്ഐയും ഉൾപ്പെടെ അഞ്ചു ഉദ്യോഗസ്ഥരാണ് കൊച്ചിയിലെത്തിയത്.

തൻെറ മകളെ തട്ടിക്കൊണ്ടുപോയി എന്ന പെൺകുട്ടിയുടെ പിതാവിൻെറ പരാതിയിൽ ഭർത്താവ് ഫർമാൻ ഖാനെതിരെ മധ്യപ്രദേശ് പോലീസ് കേസെടുത്തിരുന്നു. പെൺകുട്ടിയുടെ പ്രായം 16 വയസ് ആണ്, 18 വയസ് പൂർത്തിയായിട്ടില്ല എന്നാണ് മധ്യപ്രദേശ് പോലീസ് പറയുന്നത്.

ജനന സർട്ടിഫിക്കറ്റിൽ പ്രായം 16 വയസ് ആണ്. എന്നാൽ ആധാർ കാർഡിൽ 18 വയസ് പൂർത്തിയായി എന്ന് കാണിച്ച് വിവാഹം നടത്തിയത് എന്നാണ് മധ്യപ്രദേശ് പോലീസ് പറയുന്നത്. അതേസമയം, ഭർത്താവ് ഫർമാൻ ഖാനെ മെയ് 20 വരെ അറസ്റ്റ് ചെയ്യരുതെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

മാർച്ച് 11ന് ആയിരുന്നു തിരുവനന്തപുരം പൂവാർ ക്ഷേത്രത്തിൽ വച്ച് പെൺകുട്ടിയും ഫർമാനുമായുള്ള വിവാഹം നടന്നത്. പെൺകുട്ടിയുടെ പ്രായം 18 ആണെന്ന വാദത്തിലാണ് കേരള പോലീസ്. 2025 ജൂണിൽ ലഭ്യമായ ജനന സർട്ടിഫിക്കറ്റ് പ്രകാരം പെൺകുട്ടിക്ക് 18 വയസ് തികഞ്ഞിരുന്നു. ഇത് ഉപയോഗിച്ചാണ് ആധാർ കാർഡും പാൻ കാർഡും എടുത്തത്.

വിവാഹത്തിനായി ആധാർ കാർഡ് ആണ് പെൺകുട്ടി സമർപ്പിച്ചത്. എന്നാൽ മധ്യപ്രദേശിലെ ആശുപത്രി രേഖയിൽ 2009 ഡിസംബർ 30ന് ആണ് പെൺകുട്ടി ജനിച്ചത്. ഇത് വ്യാജമായി തയാറാക്കാൻ ശ്രമം നടന്നെന്ന സംശയത്തിലാണ് കേരള പോലീസ്.

വീട് കുത്തിത്തുറന്ന് 25 പവൻ മോഷണം: സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് പോലീസ്

തിരുവനന്തപുരം: നെടുമങ്ങാട്ട് വീട് കുത്തിത്തുറന്ന് 25 പവൻ സ്വർണം കവർന്ന കേസിൽ സമീപ വീടുകളിലെയും സ്ഥാപനങ്ങളിലെയും സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് പോലീസ്.

കൊച്ചാട്ടുകാലിൽ സ്വദേശി അനസിൻെറ വീട്ടിലാണ് വൻ കവർച്ച നടന്നത്. കഴിഞ്ഞ വെള്ളിയാഴ്ച അനസും കുടുംബവും ഊട്ടിയിലേക്ക് വിനോദയാത്രയ്ക്ക് പോയിരിക്കുകയായിരുന്നു. രാവിലെ ഇവർ തിരിച്ചെത്തിയപ്പോഴാണ് മോഷണവിവരം പുറത്തറിയുന്നത്.

വീടിൻെറ മുൻവശത്തെ വാതിൽ കുത്തിപ്പൊളിച്ച നിലയിലായിരുന്നു. അകത്തു കയറിയ മോഷ്ടാക്കൾ കിടപ്പ് മുറിയിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന സ്വർണാഭരണങ്ങളാണ് കവർന്നത്. വീട്ടിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചിരുന്നെങ്കിലും തെളിവ് നശിപ്പിക്കാനായി മോഷ്ടാക്കൾ ഇവയും തല്ലിത്തകർത്തിരുന്നു.

ഏകദേശം 25 പവനിലധികം സ്വർണം നഷ്ടപ്പെട്ടതായാണ് വീട്ടുടമസ്ഥൻ പോലീസിൽ നൽകിയ പരാതിയിൽ പറയുന്നത്.

നെടുമങ്ങാട് പോലീസും വിരലടയാള വിദഗ്ധരും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി തെളിവുകൾ ശേഖരിച്ചു. പ്രദേശത്തെ മറ്റ് സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം ഊർജ്ജിതമാക്കാനാണ് പോലീസിൻെറ തീരുമാനം. വിനോദയാത്രയ്ക്ക് പോയ വിവരം അറിയാവുന്നവരാണോ മോഷണത്തിന് പിന്നിലെന്ന് പോലീസ് സംശയിക്കുന്നുണ്ട്.

ഗാനമേളയ്ക്കിടെ മദ്യപിച്ച് നൃത്തം ചെയ്തയാളെ മർദിച്ച സംഭവം, പോലീസ് കേസെടുത്തു

കൊല്ലം: ഗാനമേളയ്ക്കിടെ മദ്യപിച്ച് നൃത്തം ചെയ്തയാളെ കസേര കൊണ്ട് അടിച്ച സംഭവത്തിൽ പോലീസ് കേസെടുത്തു. കൊല്ലം ഈസ്റ്റ് പോലീസാണ് കേസെടുത്തത്.

തിരുവനന്തപുരം ആറ്റുകാൽ സ്വദേശിയായ ബാലചന്ദ്രനെ(57)യാണ് പ്ലാസ്റ്റിക് കസേര കൊണ്ട് ഒരാൾ ആക്രമിച്ചത്. പ്രതിയെക്കുറിച്ചുള്ള വിവരം ലഭിച്ചിട്ടുണ്ടെന്നും ഉടൻ പിടികൂടുമെന്നും പോലീസ് അറിയിച്ചു.

കൊല്ലം ആശ്രാമത്ത് ക്ഷേത്രോത്സവത്തിനിടെ ഗാനമേളയ്ക്കിടെയായിരുന്നു സംഭവം. കാണികൾക്ക് ഇടയിലൂടെ ഗാനമേളയിലെ പാട്ടിന് നൃത്തം ചെയ്ത് ബാലചന്ദ്രൻ മുന്നിലേക്കു കയറി. ബാലചന്ദ്രൻ മദ്യലഹരിയിലായിരുന്നു.

അതിനിടെ സ്റ്റേജിന് മുന്നിലേക്ക് എത്തിയ വ്യക്തി കസേര കൊണ്ട് ബാലചന്ദ്രനെ അടിച്ചിടുകയായിരുന്നു. ദൃശ്യങ്ങൾ നേരത്തെ പ്രചരിച്ചിരുന്നെങ്കിലും പരാതി ലഭിക്കാത്തതിനാൽ പോലീസ് കേസെടുത്തിരുന്നില്ല. തുടർന്ന് ബാലചന്ദ്രൻ തന്നെ പരാതി നൽകിയതോടെയാണ് പോലീസ് കേസെടുത്തത്.

കൊല്ലം നഗരത്തിൽ ആക്രി വിറ്റ് ജീവിക്കുന്ന ബാലചന്ദ്രൻ റോഡരികിലാണ് കിടക്കുന്നത്.

അടച്ചുപൂട്ടിയ പ്ലാസ്റ്റിക് സംസ്കരണ കേന്ദ്രം : തുറക്കാൻ നടപടിയില്ല

കൊട്ടാരക്കര : ലക്ഷങ്ങൾ മുടക്കി നിർമിച്ച പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റ് അടച്ചുപൂട്ടിയത് തുറക്കാൻ നടപടിയില്ല. കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് സമീപത്തുള്ള പ്ലാസ്റ്റിക് സംസ്കരണ കേന്ദ്രത്തിൻെറ പ്രവർത്തനമാണ് രണ്ട് കൊല്ലമായി നിലച്ചു കിടക്കുന്നത്.

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൻെറ പരിധിയിൽപ്പെട്ട പഞ്ചായത്തുകളിൽ നിന്ന് ഹരിത കർമസേനയെ ഉപയോഗിച്ച് പ്ലാസ്റ്റിക്കുകളും മറ്റ് അസംസ്കൃത വസ്തുക്കളും വീടുകളിൽ നിന്നു ശേഖരിച്ചാണ് സംസ്കരണ കേന്ദ്രത്തിൽ എത്തിച്ചിരുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് ക്ലീൻ കേരള സിറ്റിയ്ക്ക് കൈമാറുകയായിരുന്നു. ഇതിലേക്കായി നിശ്ചിത തുക ക്ലീൻ കേരളയിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് ഈടാക്കിയിരുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊടിച്ചുമാറ്റി നൽകുന്നതിനായി ലക്ഷങ്ങൾ വിലയുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രവർത്തനം ആരംഭിച്ചത്. സ്ഥാപനത്തിൽ അഞ്ച് ജീവനക്കാർ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തു വരികയായിരുന്നു. തുച്ഛമായ തുകയാണ് ഇവർക്ക് വേതനമായി നൽകിയിരുന്നത്. വേതന വർധന നടപ്പാക്കി ജീവനക്കാരെ സ്ഥിരപെടുത്തുമെ ന്നുള്ള സർക്കാരിന്റെ ഉറപ്പ് പാലിക്കാതെ വന്നതോടെ ജീവനക്കാർ ജോലിക്ക് എത്താതായി. 2017ൽ തുടങ്ങിയ സംസ്കരണ യൂണിറ്റ് രണ്ടു കൊല്ലം മുൻപ് ജീവനക്കാരുടെ അഭാവത്തിൽ നിർത്തലാക്കി.16 വർഷം മുൻപ് ഇടിസിയുടെ വക ആയിരുന്നു ഈ സ്ഥലവും കെട്ടിടവും. ഇവിടെ ഓട്ടോ മൊബൈൽ വർക്ക് ഷോപ്പായിരുന്നു പ്രവർത്തിച്ചു കൊണ്ടിരുന്നത്. നിരവധി ഉദ്യോഗാർഥികൾ ഇവിടെ നിന്ന് ഡ്രൈവിംഗ് ലൈസൻസും മെക്കാനിക്ക് കോഴ്സും പൂർത്തീകരിച്ച് പോയിരുന്നു. ഈ സ്ഥലം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തതോടെ വർക്ക് ഷോപ്പിൻെറ പ്രവർത്തനം നിലച്ചു.പിന്നീടാണ് ഇവിടെ പ്ലാസ്റ്റിക് സംസ്കരണ കേന്ദ്രം ആരംഭിച്ചത്. സർക്കാരിൻെറ കെടുകാര്യസ്ഥതമൂലം അതും നിർത്ത ലാക്കി.

മണ്ഡല പുനർനിർണയം; രാഹുൽ ഗാന്ധിയെ ഫോണിൽ വിളിച്ച് എം. കെ. സ്റ്റാലിൻ

ചെന്നൈ: മണ്ഡല പുനർനിർണയത്തിനെതിരെയുള്ള പോരാട്ടം രാഹുൽ ഗാന്ധി നയിക്കണമെന്നും കോൺഗ്രസ് നിലപാടിനെ ഡിഎംകെ പിന്തുണയ്ക്കുമെന്നും തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ. ഇതുസംബന്ധിച്ച് സ്റ്റാലിൻ രാഹുൽ ഗാന്ധിയുമായി ഫോണിൽ സംസാരിച്ചു. വനിതാ സംവരണ ബിൽ പാസാക്കുന്നതോടെ ലോക്സഭാ അംഗബലം 815 ആയി ഉയരുമെന്നും അതിൽ 272 സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്യുമെന്നും കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്‌വാൾ പറഞ്ഞു. ഈ ക്വാട്ട നടപ്പാക്കുന്നതിലൂടെ സംസ്ഥാനങ്ങൾക്ക് സീറ്റ് നഷ്ടം സംഭവിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ബില്ലുകൾ പാസാകുന്നതോടെ ലോക്സഭയുടെ നിലവിലെ അംഗബലത്തിൽ 50 ശതമാനം വർധനവുണ്ടാകും. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും വനിതാക്വാട്ടയിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകൾക്കും സംവരണം ഉണ്ടാകുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

ആക്രമണം നടത്തി ഭീകരാന്തരീക്ഷം സൃഷ ടിച്ച യുവാക്കൾ പിടിയിൽ

കൊട്ടിയം: ആക്രമണം നടത്തി ഭീകരാന്തരീക്ഷം സൃഷ്ടിച്ച യുവാക്കൾ പിടിയിലായി. വാഹനത്തിൽ നിന്ന് വിൽപനയ്ക്കായി സൂക്ഷിച്ചിരുന്ന 19 ചാക്ക് നിരോധിത പുകയില ഉത്പന്നങ്ങളും പോലീസ് പിടികൂടി. കണ്ണനല്ലൂർ ഷർമി മൻസിലിൽ ഷഹാർ(28), മുഖത്തല പാങ്കോണം, കടയിൽ വീട്ടിൽ അജ്മൽ(35), നെടുമ്പന അജ്മൽ മൻസിലിൽ അമൽ(21) എന്നിവരാണ് കൊട്ടിയം പോലീസിൻെറ പിടിയിലായത്.

ഇന്നലെ രാത്രി എട്ടോടെ തടത്തിൽ ജംഗ്ഷന് സമീപമുള്ള തട്ടുകടയിൽ ഭക്ഷണം കഴിക്കാനെത്തിയ പ്രതികളുടെ സംഘം തട്ടുകട ജീവനക്കാരനേയും സമീപത്ത് നിന്ന ആളെയും ഭക്ഷണത്തിൻെറ കാര്യം പറഞ്ഞ് ആക്രമിക്കുകയായിരുന്നു. ഷഹാർ കൈയിൽ കരുതിയിരുന്ന കത്തികൊണ്ടും അജ്മൽ കമ്പിവടി കൊണ്ടും ആക്രമിച്ച് മാരകയായി പരിക്കേൽപ്പിച്ചു.

പ്രതികൾ നടത്തിയ ആക്രമ സംഭവങ്ങൾ ഫോണിൽ ചിത്രീകരിച്ചു എന്നാരോപിച്ച് സംഭവ സ്ഥലത്തുണ്ടായിരുന്ന ബിനുവിനെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയും ഫോൺ തകർക്കുകയും ചെയ്തു. പ്രതികൾക്കെതിരെ കൊട്ടിയം പോലീസ് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തു .ഇതേ തുടർന്ന് പ്രതികൾ ഒളിവിൽ പോയി. കൊട്ടിയം പോലീസ് നടത്തിയ ആന്വേഷണത്തിൽ മൂന്ന് പ്രതികളെ പിടികൂടുകയായിരുന്നു. സംഘത്തിലുണ്ടായിരുന്ന മറ്റ് രണ്ടു പേരെക്കുറിച്ച് പോലീസിന് സൂചന ലഭിച്ചിട്ടുണ്ട്.

ഇവർ ഉടൻ പിടിയിലാകുമെന്ന് കൊട്ടിയം പോലീസ് അറിയിച്ചു. പ്രതികൾ ഉപയോഗിച്ചിരുന്നതായി സംശയിക്കുന്ന കാറിൽ നിന്ന് കണ്ണനല്ലൂർ പോലീസ് നടത്തിയ പരിശോധനയിൽ 19 ചാക്ക് നിരോധിത പുകയില ഉത്പന്നങ്ങൾ കണ്ടെത്തിയിരുന്നു.വിശദമായ അന്വേഷണത്തിന് ശേഷം തെളിവുകളുടെ അടിസ്ഥാനത്തിൽ നിരോധിത പുകയില ഉത്പന്നങ്ങൾ കടത്തിയതിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചാത്തന്നൂർ എസിപി അനുരൂപിൻെറ നിർദേശപ്രകാരം കൊട്ടിയം പോലീസ് ഇൻസ്പെക്ടർ അജിത് കുമാറിൻെറ നേതൃത്വത്തിൽ എസ്ഐ ഇൻസമാം, സിപിഒമാരായ ചന്തു, അരുൺകുമാർ, ഹരീഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ ഒളിവിൽ താമസിച്ചിരുന്ന കോഴിക്കോട് നിന്ന് പിടികൂടിയത്.

കിഴക്കൻ മേഖലയിൽ കരിഞ്ചെള്ള് ശല്ല്യം രൂക്ഷം

അഞ്ചൽ : ചൂട് കനത്തതോടെ ജില്ലയുടെ കിഴക്കൻ മേഖലയിൽ കരിഞ്ചെള്ള് ശല്ല്യം രൂക്ഷം. വീടുകൾക്ക് അകവും പുറവും കരിംചെള്ളുകൾ കീഴടക്കി. ആഹാരം പാകം ചെയ്യുന്നതിനോ കഴിക്കാനോ കഴിയാത്ത അവസ്ഥ. പ്രായമായവരിൽ ശാരീരിക അസ്വസ്ഥതയും ആരോഗ്യ പ്രശ്നങ്ങൾക്കും ഇതുവഴിവയ്ക്കുന്നു.ചൂട് കനക്കുകയും മഴയുടെ ലഭ്യത കുറയുകയും ചെയ്തതോടെയാണ് കരിഞ്ചെള്ള് ശല്ല്യം രൂക്ഷമാകാൻ കാരണം. റബർ പുരയിടങ്ങളുടെ സമീപത്തുള്ള വീടുകളിലാണ് കൂടുതലായി ഇവ കാണപ്പെടുന്നത്.ആട്ടിൻ കൂടുകൾ, തൊഴുത്ത് ഉൾപ്പെടെയുള്ള ഇടങ്ങളിലും കരിംചെള്ള് വലിയ തരത്തിൽ കാണപ്പെടുന്നു. സന്ധ്യയാകുന്നതോടെ ഇവ വീടുകൾക്കുളളിലേക്ക് എത്തുകയാണ്. ഇതോടെ വീട്ടുകാർ ലൈറ്റുകൾ എല്ലാം ഓഫ് ചെയ്തു ഇരുട്ടത്തിരിക്കുകയാണ്.പാകം ചെയ്ത ആഹാരങ്ങൾ കഴിക്കാൻ കഴിയുന്നില്ല. കിടപ്പ് രോഗികൾ ഉൾപ്പെടെയുള്ളവർ വലിയ ബുദ്ധിമുട്ടിലായി. കഴിഞ്ഞ രണ്ടു വർഷങ്ങൾ കൊണ്ടാണ് മലയോര മേഖലയിൽ ഇത്തരത്തിൽ കരിഞ്ചെള്ള് ശല്യം അതിരൂക്ഷമായത്.താത്കാലികമായി എന്തെങ്കിലും ചെയ്തു കരിഞ്ചെള്ള് ശല്യം കുറയ്ക്കാം എന്നതല്ലാതെ ഇവയെ ശാശ്വതമായി ഇല്ലാതാക്കാനുള്ള പ്രയോഗിമായ നടപടികൾ ഒന്നും ആർക്കും അറിയില്ല.തുടർച്ചയായി കരിഞ്ചെള്ള് ശല്ല്യം മലയോര മേഖലയിൽ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇവ ഒഴിവാക്കാൻ വിദഗ്ധരുടെ നേതൃത്വത്തിൽ പരിശോധന നടത്തുകയും ശാശ്വതമായ പരിഹാരം കണ്ടെത്തുകയും ചെയ്യണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

മൂന്നു വയസുകാരിയെ തട്ടിക്കൊണ്ടു പോയ സംഭവം: നാടോടി സ്ത്രീക്ക് അഞ്ചുവർഷം കഠിന തടവ്

കൊല്ലം: മൂന്ന് വയസുള്ള പെൺകുഞ്ഞിനെ തട്ടി കൊണ്ടു പോയ കേസിൽ നാടോടി സ്ത്രീക്ക് അഞ്ചുവർഷം കഠിനതടവ്. കൊല്ലം കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ വച്ച് അമ്മയോടൊപ്പം ഉറങ്ങി കിടന്ന മൂന്ന് വയസുള്ള പെൺകുഞ്ഞിനെ തട്ടി കൊണ്ടുപോയ കേസിൽ പ്രതിയായ തമിഴ്നാട്, കോയമ്പത്തൂർ, മുക്കൂട് തെരുവിൽ ദേവിയെ (35) യാണ് അഞ്ചു വർഷം കഠിനതടവിനും 25,000 രൂപ പിഴയും ശിക്ഷിച്ച് കൊല്ലം ഫസ്റ്റ് അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് പി.എൻ. വിനോദ് ഉത്തരവായത്.മാനസിക വെല്ലുവിളി നേരിടുന്ന അമ്മയുടെ കൂടെ ബസ് സ്റ്റാൻഡിൽ ഉറങ്ങി കിടന്ന മൂന്നു വയസുള്ള കുട്ടിയെ 2025 ഏപ്രിൽ 21ന് രാത്രിയിൽ പ്രതി തട്ടി കൊണ്ടു പോകുകയായിരുന്നു.22ന് രാവിലെ തൃശൂരിലേക്ക് പോയ കെഎസ്ആർടിസി ബസിൽ അടൂരിൽ നിന്ന് പ്രതി കുട്ടിയുമായി കയറുകയും ടിക്കറ്റ് എടുക്കുന്ന സമയം ബസ് കണ്ടക്ടറായ അനീഷിൻെറ കാലിൽ കുട്ടി മുറുകെ പിടിച്ചപ്പോൾ സംശയം തോന്നിയ കണ്ടക്ടർ പ്രതിയെ ചോദ്യം ചെയ്തപ്പോൾ തമിഴ് മാത്രം അറിയാവുന്നയാളാണെന്നും കുട്ടിക്ക് മലയാളം മാത്രമേ അറിയുകയു ള്ളുവെന്നും മനസിലായി.

പരസ്പര വിരുദ്ധമായി സംസാരിക്കുന്ന പ്രതിയിൽ സംശയം തോന്നിയ കണ്ടക്ടർ ഉടൻ പ്രതിയെയും കുട്ടിയെയും പന്തളം പോലീസ് സ്റ്റേഷനിൽ എത്തിച്ചു. തുടർന്ന് കുട്ടിയെ കാണാതായ പരാതിയിൽ അന്വേഷണം നടത്തിയിരുന്ന കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ പ്രതിയെയും കുഞ്ഞിനെയും എത്തിക്കുകയായിരുന്നു.സബ് ഇൻസ്പെക്ടർ സവിരാജൻ അന്വേഷണം നടത്തി കുറ്റപത്രം ഹാജരാക്കി. കൊല്ലം ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ സംരക്ഷണത്തിൽ കഴിയുന്ന കുട്ടിയെ കോടതിയിൽ വിസ്തരിക്കുകയും കുട്ടി പ്രതിയെ തിരിച്ചറിയുകയും ചെയ്തിരുന്നു. കേസിൽ പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർമാരായ സിസിൻ. ജി. മുണ്ടയ്ക്കൽ, സോജാ തുളസീധരൻ എന്നിവർ ഹാജരായി.

വീടിന് സമീപം നിർത്തിയിട്ട ബൈക്ക് മോഷ്ടിച്ചു, കള്ളൻ പിടിയിൽ

തിരുവനന്തപുരം: വീടിന് സമീപം പാർക്ക് ചെയ്തിരുന്ന ബൈക്ക് മോഷ്ടിച്ച കേസിൽ പ്രതി പിടിയിൽ. പട്ടം കുന്നുകുഴിപുഷ്പനഗർ സ്വദേശി ആഷിക് റഹ്മാൻ (19) ആണ് പിടിയിലായത്.

കരമന പോലീസാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കഴിഞ്ഞ മാസം മണക്കാട് സ്വദേശിയായ സന്തോഷ് കുമാറിൻെറ ബൈക്ക് മോഷ്ടിച്ച കേസിലാണ് അറസ്റ്റ്.

സന്തോഷിൻെറ ഉടമസ്ഥതയിലുള്ള ബൈക്ക് വീടിന് സമീപത്ത് നിർത്തിയിട്ടിരുന്നു. ഈ വാഹനം പ്രായപൂർത്തിയാകാത്ത മറ്റൊരാളുടെ കൂടെ സഹായത്തോടെയാണ് ആഷിക് റഹ്മാൻ മോഷ്ടിച്ചത്. പ്രായപൂർത്തിയാകാത്ത ആളെ നേരത്തെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ആഷിക് റഹ്മാനെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

റിസോർട്ടിൽ താമസിച്ച 21കാരിയെ ബലാത്സംഗം ചെയ്തു; മാനേജർ അറസ്റ്റിൽ

ചെറായി: എറണാകുളം ചെറായിൽ ഇരുപത്തിയൊന്നുകാരിയെ ബലാത്സംഗം ചെയ്ത റിസോർട്ട് മാനേജർ അറസ്റ്റിൽ. മാല്യങ്കര പടിഞ്ഞാറേ കാട്ടിൽ ഷിജിത്ത് (52) ആണ് അറസ്റ്റിലായത്. കൊടുങ്ങല്ലൂർ സ്വദേശിനിയാണ് ബലാത്സംഗത്തിന് ഇരയായത്. കഴിഞ്ഞ മാസം 22ന് ആയിരുന്നു സംഭവം. വീടുവിട്ടിറങ്ങിയ യുവതി കൊടുങ്ങല്ലൂർ ഭരണിക്കിടെ പരിചയപ്പെട്ട ഒരു യുവാവുമായി ചെറായി ബീച്ചിന് സമീപത്തെ റിസോർട്ടിൽ മുറിയെടുത്ത് താമസിച്ചു വരികയായിരുന്നു. ഇതിനിടെ സുഹൃത്ത് ഇല്ലാത്ത സമയത്ത് മാനേജർ മുറിയിൽ എത്തി ബലാത്സംഗം ചെയ്യുകയായിരുന്നുവെന്ന് പോലീസ് അറിയിച്ചു. തുടർന്ന് യുവതിയുടെ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്ത പോലീസ് റിസോർട്ട് മാനേജരെ അറസ്റ്റ് ചെയ്യുകയായിരുന്നു. റിസോർട്ട് മാനേജരെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.